2023
MARCH
23
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

GODUGO



## ദേശീയ പാതയ്ക്ക് ഇനി ഉരുക്കുബലം

**ആലപ്പുഴ:** രാജ്യത്ത് ആദ്യമായി സ്റ്റീൽ സ്ലാഗ് ഉപയോഗിച്ചു പേവ്മെന്റ് ക്വാളിറ്റി കോൺക്രീറ്റ് (പിക്യൂസി) നിർമിക്കാൻ ദേശീയപാത അതോറിറ്റി തീരുമാനം. ദേശീയപാത 66ൽ മുംബൈക്കു സമീപം ഒരു കിലോമീറ്റർ സ്റ്റീൽ സ്ലാഗ് ഉപയോഗിച്ച് സെൻട്രൽ റോഡ് റിസർച് ഇൻസ്റ്റിറ്റ്യൂട്ട് നിർമിച്ച ഭാഗം ഉന്നത നിലവാരം പുലർത്തിയെന്ന കണ്ടെത്തലിനെ തുടർന്നാണു കൂടുതൽ ഇടങ്ങളിൽ ഉപയോഗിക്കാൻ തീരുമാനം.

ചെമ്മണ്ണ്, മെറ്റൽ, പാറമണൽ തുടങ്ങി പ്രകൃതി വിഭവങ്ങൾ പൂർണമായും ഒഴിവാക്കി പകരം സ്റ്റീൽ നിർമാണത്തിലെ മാലിന്യം ഉപയോഗിക്കും. റോഡ് നിർമാണത്തിനായി മുൻപുള്ള റോഡ് പൊളിച്ചു മാറ്റുമ്പോൾ അതിന്റെ താഴേത്തട്ടിൽ ഉപയോഗിച്ച ഗ്രാനുലാർ സബ് ബേസസ് (ജിഎസ്ബി), വെറ്റ് മിക്സ് മെക്കാഡം (ഡബ്ല്യുഎംഎം) തുടങ്ങിയവ കൃത്യമായി വേർതിരിച്ചെടുത്താൽ പുനരുപയോഗിക്കാമെന്നും കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയവും ഉത്തരവിറക്കി.

അടിത്തട്ടിലെ മണ്ണുമായി കലരാതെ വേണം ഇവ വേർതിരിച്ചെടുക്കാൻ. നിശ്ചിത നിലവാരമുണ്ടെന്നു പരിശോധിച്ച് ഉറപ്പാക്കുകയും വേണം. പുനരുപയോഗിക്കാൻ കഴിയാത്ത ഭാഗം താൽക്കാലിക റോഡുകൾ നിർമിക്കാനും പാതയുടെ വശങ്ങൾ ഉയർത്താനും മറ്റും ഉപയോഗിക്കാം. പുതിയ പദ്ധതികൾക്കു ഡിപിആർ തയാറാക്കുമ്പോൾ, നിലവിലെ റോഡിൽ നിന്നു പുനരുപയോഗിക്കാൻ കഴിയുന്നവ കൂടി കണക്കിലെടുക്കണമെന്നും ഉത്തരവിൽ പറയുന്നു.



## നേട്ടത്തിലേക്ക് ഉയർന്ന് ഓഹരി വിപണി

**മുംബൈ:** ആഗോള ഓഹരി വിപണി കൈവരിച്ച സ്ഥിരത ഇന്ത്യൻ വിപണിക്കും ഊർജമായി. മുംബൈ ഓഹരി സൂചിക സെൻസെക്സും ദേശീയ ഓഹരി സൂചിക നിഫ്റ്റിയും ഒരു ശതമാനത്തിനടുത്ത് നേട്ടത്തോടെ ക്ലോസ് ചെയ്തു. റിലയൻസ്, ബാങ്കിങ് ഓഹരികൾ സമാഹരിക്കുന്നതിന് ഇടപാടുകാർ കാണിച്ച താൽപര്യമാണ് സൂചികകളുടെ കുതിപ്പിന് കാരണം.

സെൻസെക്സ് 445.73 പോയിന്റ് (0.77%) ഉയർന്ന് 58,074.68ൽ ക്ലോസ് ചെയ്തു. സൂചിക ഒരു ഘട്ടത്തിൽ 504.38 പോയിന്റ് വരെ ഉയർന്നിരുന്നു. നിഫ്റ്റി 119.10 പോയിന്റ് (0.70%) ഉയർന്ന് 17,107.50ൽ ക്ലോസ് ചെയ്തു. സെൻസെക്സിൽ റിലയൻസ് ഇൻഡസ്ട്രീസ് ആയിരുന്നു കൂടുതൽ നേട്ടമുണ്ടാക്കിയ (3.11%) ഓഹരി.

ബജാജ് ഫിൻസെർവ്, ടൈറ്റൻ, ആക്സിസ് ബാങ്ക്, ഐസിഐസിഐ ബാങ്ക്, ഇൻഡസ്ഇൻഡ് ബാങ്ക്, അൾട്രാടെക് സിമന്റ്, എൽ ആൻഡ് ടി, എച്ച്ഡിഎഫ്സി ബാങ്ക്, കോട്ടക് മഹിന്ദ്ര ബാങ്ക്, എച്ച്ഡിഎഫ്സി എന്നിവയും നേട്ടത്തിൽ ക്ലോസ് ചെയ്തു.

പവർഗ്രിഡ്, ഹിന്ദുസ്ഥാൻ യൂണിലിവർ, ടെക് മഹിന്ദ്ര, ടാറ്റ കൺസൽറ്റൻസി സർവീസസ്, ഇൻഫോസിസ്, ഏഷ്യൻ പെയിന്റ്സ് എന്നിവ നഷ്ടത്തിൽ ക്ലോസ് ചെയ്തു. സോൾ, ഹോങ്കോങ്, ഷാങ്ഹായ് തുടങ്ങി ഇതര ഏഷ്യൻ ഓഹരി വിപണികളും നേട്ടത്തോടെയാണ് ക്ലോസ് ചെയ്തത്.

യൂറോപ്യൻ വിപണികൾ ട്രേഡിങ്ങിന്റെ മധ്യത്തിൽ നേട്ടത്തിലായിരുന്നു. ആഗോള എണ്ണവിലയിൽ വർധനയുണ്ട്. ബ്രെന്റ് ക്രൂഡ് വില 0.65% വർധിച്ച് ബാരലിന് 74.27 ഡോളറായി.

## പച്ചക്കറി അടിസ്ഥാന വില: അനുമതി കാത്ത് 5 വിളകൾ



**പാലക്കാട് :** അടിസ്ഥാന വിലയ്ക്കു പച്ചക്കറി ഏറ്റെടുക്കുന്ന പദ്ധതിയിൽ 5 വിളകൾ കൂടി കൂട്ടിച്ചേർക്കാനുള്ള തീരുമാനം രണ്ടു വർഷമായി ഫയലിൽ 'ചീയുന്നു.' നിലവിലെ 16 ഇനങ്ങൾക്കു പുറമേ ചുരയ്ക്ക, ചേന, മത്തൻ, വഴുതന, കോവൽ എന്നീ ഇനങ്ങൾ ഉൾപ്പെടുത്താനുള്ള തീരുമാനമാണു വൈകുന്നത്. വില കാലോചിതമായി പരിഷ്കരിക്കാനും നടപടിയില്ല.

പച്ചക്കറിയുടെ വില സർക്കാർ നിശ്ചയിച്ച അടിസ്ഥാനവിലയിലും താഴെയായാൽ അടിസ്ഥാന വില നൽകി സംഭരിക്കുന്നതാണു കൃഷിവകുപ്പിന്റെ പദ്ധതി. ഉൽപാദനച്ചെലവിനെക്കാൾ 20% അധികം ചേർത്താണ് 2020 ൽ അടിസ്ഥാനവില നിർണയിച്ചത്. കാലോചിതമായി വില പരിഷ്കരിക്കുമെന്നും പുതിയ വിളകൾ ഉൾപ്പെടുത്തുമെന്നും സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന വിലനിർണയ ബോർഡ് 5 പച്ചക്കറികളെക്കൂടി ഉൾപ്പെടുത്താൻ ശുപാർശ ചെയ്തത്.

2020ലെ കൃഷിച്ചെലവു കണക്കാക്കി തയാറാക്കിയ അടിസ്ഥാനവില തന്നെയാണ് ഇപ്പോഴും തുടരുന്നത്.

രാസവളത്തിന്റെയും ഇന്ധനത്തിന്റെയും വില വർധിച്ചതുൾപ്പെടെ ചെലവുകൾ കൂടിയപ്പോൾ സർക്കാർ നിശ്ചയിച്ച അടിസ്ഥാനവിലയെക്കാൾ കൂടുതലാണ് പല വിളകളുടെയും ഉൽപാദനച്ചെലവ്.

കർഷകരിൽ നിന്നു സംഭരിക്കുന്ന ഉൽപന്നങ്ങൾക്കു വില നൽകാൻ ഹോർട്ടികോർപ്, വിഎഫ്പിസികെ എന്നീ ഏജൻസികൾക്കു സർക്കാർ പണം നൽകുന്നില്ല.

മാസങ്ങൾ കാത്തിരുന്നാലാണു കർഷകർക്ക് പലപ്പോഴും പണം ലഭിക്കാറ്.

## ശ്രീലങ്കയ്ക്ക് 300 കോടി ഡോളർ ഐഎംഎഫ് സഹായം

**കൊളംബോ:** കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്നു രക്ഷപ്പെടാൻ ശ്രീലങ്കയ്ക്ക് 300 കോടി ഡോളർ (24,788 കോടി രൂപ) വായ്പ നൽകാൻ രാജ്യാന്തര നാണ്യനിധി (ഐഎംഎഫ്) എക്സിക്യൂട്ടീവ് ബോർഡ് അനുമതി നൽകി. കടക്കെണിയിലായ ശ്രീലങ്കയുടെ ഭരണം നിരീക്ഷിച്ച് വേണ്ട പരിഷ്കാരങ്ങൾ വരുത്താനും അഴിമതിമുക്തമാക്കാനും ഐഎംഎഫ് നിർദേശം നൽകും.

എക്സ്റ്റെൻഡഡ് ഫണ്ട് ഫസിലിറ്റി (ഇഎഫ്എഫ്) അനുസരിച്ച് 48 മാസത്തിൽ പൂർത്തിയാകുന്ന സഹായമാണ് അനുവദിച്ചിട്ടുള്ളത്. സാമ്പത്തിക സഹായത്തിന് ഐഎംഎഫിന്റെ ഭരണ നിരീക്ഷണ നടപടികൾക്കു വഴങ്ങുന്ന ആദ്യ ഏഷ്യൻ രാജ്യമാണ് ശ്രീലങ്ക. സഹായത്തിന്റെ ആദ്യ ഗഡുവായ 33 കോടി ഡോളർ 2 ദിവസത്തിനുള്ളിൽ ലഭിക്കും. സാമ്പത്തിക പ്രതിസന്ധി സമൂഹത്തിന്റെ പ്രതിസന്ധിയായി മാറിയ ശ്രീലങ്കയ്ക്ക് വലിയ ആശ്വാസമാകുന്നതാണ് ഐഎംഎഫ് സഹായം.

മറ്റ് രാജ്യാന്തര ഏജൻസികളിൽ നിന്ന് കൂടുതൽ സഹായം ലഭിക്കാനും ഇതു സഹായിക്കും. ഐഎംഎഫ് വായ്പ ലഭിക്കുന്നതിനായി അവരുടെ നിബന്ധനകൾ അനുസരിച്ച് നികുതിയും സർക്കാർ സേവനങ്ങളുടെ ഫീസും ശ്രീലങ്ക വർധിപ്പിച്ചിരുന്നു. നാണ്യപ്പെരുപ്പം ഇപ്പോഴത്തെ 54 ശതമാനത്തിൽ നിന്ന് 12, 18 ശതമാനമായി കുറയ്ക്കേണ്ടതുണ്ട്. രാജ്യത്തെ രക്ഷിക്കുന്നതിനായി ഇനിയും കടുത്ത തീരുമാനങ്ങൾ വേണ്ടിവരുമെന്ന് പ്രസിഡന്റ് റനിൽ വിക്രമസിംഗെ പറഞ്ഞു.

## ടാറ്റ മോട്ടോഴ്സ് വാണിജ്യ വാഹനങ്ങൾക്ക് വില കൂടും

**മുംബൈ:** വാണിജ്യ വാഹനങ്ങൾക്ക് ഏപ്രിൽ ഒന്നു മുതൽ 5% വരെ വില വർധിപ്പിക്കുമെന്ന് ടാറ്റ മോട്ടോഴ്സ്. വാഹനങ്ങളുടെ മോഡലിനും വേരിയന്റിനും അനുസരിച്ച് വിലവർധനയിൽ മാറ്റങ്ങളുണ്ടാകും. ബിഎസ് 6 രണ്ടാം ഘട്ട വാഹന പുക നിയന്ത്രണങ്ങൾ അടുത്തമാസം ഒന്നിനു നടപ്പാക്കുന്ന സാഹചര്യത്തിൽ അതിനനുസൃതമായ മാറ്റങ്ങൾ വാഹനങ്ങളിൽ വരുത്തേണ്ടി വന്നതിനെ തുടർന്നാണ് വില വർധനയെന്ന് കമ്പനി പറയുന്നു.

## പുതിയ ഹ്യുണ്ടായ് വെർന എത്തി

**കൊച്ചി:** ഹ്യുണ്ടായ് മിഡ്സൈസ് സെഡാൻ വെർനയുടെ പുതിയ പതിപ്പ് വിപണിയിലെത്തി. 10.90 ലക്ഷം മുതൽ 17.38 ലക്ഷം രൂപ വരെയാണ് ഷോറൂം വില. 1.5 ലീറ്റർ പെട്രോൾ, 1.5 ലീറ്റർ പെട്രോൾ ടർബോ എൻജിൻ മോഡലുകൾ ലഭ്യമാണ്. മാനുവൽ, ഓട്ടമാറ്റിക് വകഭേദങ്ങളുണ്ട്. രണ്ട് എൻജിൻ ഓപ്ഷനിലുമായി 18.6 മുതൽ 20.6 വരെയാണ് കമ്പനി അവകാശപ്പെടുന്ന മൈലേജ്. ആറ് എയർ ബാഗ് ഉൾപ്പെടെ 30 സുരക്ഷാ ഫീച്ചറുകൾ വാഹനത്തിനുണ്ട്.




# കനാൽ നിർമാണം തകൃതി, ആശങ്ക മാറാതെ കർഷകർ



**പടിഞ്ഞാറത്തറ:** വേനലിൽ കടുത്ത വരൾച്ചയും മഴക്കാലത്ത് വെള്ളപ്പൊക്കവും പതിവായ ഇടങ്ങളായി മാറുകയാണു വയനാട്ടിലെ പാടശേഖരങ്ങൾ. വേനലിൽ പുഴ വറ്റുകയും മഴക്കാലത്ത് ബാണാസുര ഡാമിലെ അധിക വെള്ളം തോട്ടിലൂടെ ഒഴുക്കി വിടുകയും ചെയ്യുന്നതാണ് വരൾച്ചയ്ക്കും വെള്ളപ്പൊക്കത്തിനും ഇടയാക്കുന്നത്. നെൽക്കൃഷിയിൽ ഒതുങ്ങിയ കർഷകർ ഒറ്റത്തവണത്തെ കൃഷിയിൽ ഒതുങ്ങേണ്ട ഗതികേടിലായി. ഒരു കാലത്ത് പാടങ്ങളെ നീരണിയിച്ച കരമാൻ തോട് ഇന്ന് വില്ലന്റെ രൂപത്തിലായി.

കരകവിഞ്ഞ് ഒഴുകിയിരുന്ന തോട്ടിൽ ഇന്നു വേനലിൽ അങ്ങിങ്ങായി മാത്രം വെള്ളം കെട്ടിനിൽക്കുന്നു. പലയിടങ്ങളിലും തടയണകൾ രൂപം കൊണ്ടു. എന്നാൽ വേനലിൽ കൃഷിയിടങ്ങൾക്കാവശ്യമായ വെള്ളം ലഭിക്കാൻ ഇതൊന്നും മതിയാകാത്ത അവസ്ഥയാണ്. ചില ഇടങ്ങളിൽ ചെറുകിട ജലസേചന പദ്ധതികൾ ഉണ്ടെങ്കിലും അവ പലതും പ്രവർത്തന രഹിതം. ഉള്ളവയിൽ നിന്ന് ആവശ്യത്തിന് വെള്ളം ലഭിക്കുന്നുമില്ല. വേനൽ ശക്തമാകുന്നതോടെ കുടിവെള്ളത്തിനു പോലും ഡാമിൽ നിന്നു നാമമാത്രമായ അളവിൽ ലഭിക്കുന്ന വെള്ളത്തിനു വേണ്ടി കാത്തിരിക്കണം. കരമാൻതോട്ടിൽ പ്രവർത്തിക്കുന്ന ജലസേചന പദ്ധതികളെല്ലാം വേനൽ കനക്കുന്നതോടെ നിലയ്ക്കും.

ഡാമിൽ നിന്നുള്ള വെള്ളം ഉപയോഗിച്ചാണു കുടിവെള്ള പദ്ധതികൾ പ്രവർത്തിപ്പിക്കുന്നത്. പ്രതിസന്ധി രൂക്ഷമായതോടെ കനാലിനു വേണ്ടിയുള്ള മുറവിളിയും ശക്തമായി. തകർന്നടിഞ്ഞ കൃഷി മേഖലയ്ക്കു പുത്തനുണർവ് പ്രതീക്ഷിക്കുന്ന കർഷകരും നാട്ടുകാരും കനാലിനു വേണ്ടി നിലവിൽ നടക്കുന്ന പ്രവൃത്തികളെല്ലാം ആകാംക്ഷയോടെയാണു നോക്കുന്നത്. ബാണാസുര ഡാമിൽ നിന്ന് 10 കിലോമീറ്ററോളം ദൂരത്തേക്ക് വെള്ളം എത്തുന്നതോടെ പടിഞ്ഞാറത്തറ, കോട്ടത്തറ, വെള്ളമുണ്ട, പനമരം പഞ്ചായത്തുകളിലെ 2,800 ഹെക്ടർ കൃഷിയിടങ്ങളിൽ ജലം സുലഭമാകുമെന്ന പ്രതീക്ഷയിലാണ് ഇവർ.

കാൽ നൂറ്റാണ്ടു കഴിഞ്ഞിട്ടും കനാൽ പ്രവൃത്തി എങ്ങും എത്താത്തത് കർഷകരെ ആശങ്കയിലാക്കുകയാണ്. നിലവിലെ പ്രവൃത്തികളെല്ലാം ഏറെ സംശയത്തോടെയാണ് ഇവർ നോക്കിക്കാണുന്നത്. ഡാമിൽ നിന്നു വെള്ളം തുറന്നു വിടുന്ന ഭാഗം മുതൽ കൃഷിയിടങ്ങളിൽ വെള്ളം എത്തുന്ന സ്ഥലം വരെയുള്ള ഓരോ ഭാഗത്തെ കുറിച്ചും കർഷകരുടെ സംശയം തീരുന്നില്ല. ഡാമിലെ ജല നിരപ്പിനേക്കാൾ ഏറെ ഉയരത്തിലുള്ള കനാൽ വഴി എങ്ങനെ വെള്ളം തുറന്നു വിടുമെന്നും പണ്ടു കാലത്ത് നിർമിച്ച കനാലിന്റെ വിവിധ ഭാഗങ്ങൾ മണ്ണ് മൂടിയതും ചില ഭാഗങ്ങൾ തകർന്നതും കോൺക്രീറ്റ് തൂണിൽ മാത്രം നിലച്ച പ്രവൃത്തികളും തരണം ചെയ്ത് എങ്ങനെ വെള്ളം കൃഷിയിടങ്ങളിൽ എത്തുമെന്നുമൊക്കെയാണു സംശയങ്ങൾ.

കനാൽ പ്രവൃത്തി പൂർത്തിയാകാത്തതു കാരണം നിലവിൽ വൈദ്യുതി ഉൽ!പാദനത്തിനു വെള്ളം കുറ്റ്യാടിയിലേക്കു തുറന്നു വിടുന്നതാണ് വെള്ളത്തിന്റെ അളവിൽ കുറയാൻ കാരണമെന്ന് അധികൃതർ പറയുന്നു. ജലസേചന പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതോടെ ഇതു പരിമിതപ്പെടുത്തി പദ്ധതിക്ക് ആവശ്യമായ വെള്ളം ലഭ്യമായി തുടങ്ങുമെന്നാണ് അധികൃതരുടെ വിശദീകരണം. ശാസ്ത്രീയമായ രീതിയിൽ ഡാമിൽ നിന്നു കനാലിലേക്ക് വെള്ളം എത്താനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ടെന്നും അവർ അറിയിക്കുന്നു. മണ്ണ് നിറഞ്ഞതും പൊട്ടിപ്പൊളിഞ്ഞ നിലയിലുമായ കനാലിന്റെ ഭാഗങ്ങൾ പൂർവ സ്ഥിതിയിലാക്കാൻ ആവശ്യമായ ഫണ്ട് ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കുമെന്നും അധികൃതർ ഉറപ്പു പറയുന്നു.

നിലവിൽ നടക്കുന്ന പ്രവൃത്തികൾ മുൻ കാലങ്ങളിലെ പോലെ ഉപേക്ഷിക്കുകയാണെങ്കിൽ അതു വൻ ദുരിതത്തിനിടയാക്കുമെന്ന ആശങ്കയിലാണ് കർഷകർ. കൃഷിയിടങ്ങൾക്കു നടുവിലൂടെ ഇപ്പോൾ നടക്കുന്ന കൂറ്റൻ നിർമാണങ്ങൾ കർഷകരെ കൂടുതൽ വരൾച്ചയിലേക്കു തള്ളിവിടുകയാണ്. ശേഷിക്കുന്ന വെള്ളവും വറ്റുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. വലിയ കോൺക്രീറ്റ് നിർമാണങ്ങളും അവയിൽ ലോഡ് കണക്കിന് മണ്ണ് നിറച്ചും നടത്തുന്ന പ്രവൃത്തികളാണ് ഇപ്പോൾ പല ഭാഗത്തും നടക്കുന്നത്. ഇത്തരം നിർമാണങ്ങളുടെ വശങ്ങളിൽ നിർമിച്ച ചാലുകൾ വഴി മഴക്കാലത്ത് പല ഭാഗങ്ങളിൽ നിന്നും വെള്ളം കുത്തിയൊലിച്ചെത്തുന്നതു കൃഷി നാശത്തിന് ഇടയാക്കുമെന്നും ആശങ്കയുണ്ട്.

പ്രവൃത്തികൾ നടക്കുന്ന ഭാഗങ്ങളിൽ മുൻ കാലങ്ങളിൽ നടന്നതു പോലെ മണ്ണിടിച്ചിൽ പോലെയുള്ള ദുരിതം ഉണ്ടാകുമോ എന്നും അവർ ഭയപ്പെടുന്നു. നിലവിൽ നടക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കണമെന്ന ആവശ്യവും ഇവർ മുന്നോട്ട് വയ്ക്കുന്നു.

## വേസ്റ്റ് മാനേജ്മെന്റ് പദ്ധതി ലോകബാങ്ക് വിദഗ്ദ്ധസഹായം ലഭ്യമാക്കും

**തിരുവനന്തപുരം:** ബ്രഹ്മപുരം തീപിടുത്തത്തിന്റെ പശ്ചാത്തലത്തിൽ അന്താരാഷ്ട്ര വിദഗ്ധരുടെ പങ്കാളിത്തത്തോടെ കേരളത്തിൽ വേസ്റ്റ് മാനേജ്മെന്റ് പദ്ധതി ഊർജിതമാക്കും. ഇതിന് സഹായം നൽകാമെന്ന് ലോകബാങ്ക് അറിയിച്ചു.

സംസ്ഥാനത്തെ മാലിന്യനിക്ഷേപകേന്ദ്രങ്ങളിൽ ഡ്രോൺ സർവ്വേ ഉടൻ നടത്താൻ ലോക ബാങ്കുമായി ധാരണയായി. ലോകബാങ്ക് അധികൃതർ മുഖ്യമന്ത്രി പിണറായി വിജയനുമായി ചേമ്പറിൽ നടത്തിയ കൂടിക്കാഴ്ച്ചയിലാണ് തീരുമാനം.

ബ്രഹ്മപുരം തീപിടുത്തത്തിന്റെ ഗൗരവം കണക്കിലെടുത്ത് വിദഗ്ദ്ധ സഹായവും വായ്പയും ലോകബാങ്ക് വാഗ്ദാനം ചെയ്തു. ലോകബാങ്ക് പദ്ധതിയായ കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റിന്റെ പണം സംസ്ഥാനത്ത് അടിയന്തരമായി ഉപയോഗിക്കുന്നതിനുള്ള സന്നദ്ധതയും അവർ അറിയിച്ചു. ഇന്റർനാഷണൽ സോളിഡ് വേസ്റ്റ് അസോസിയേഷനിലെ (കടണഅ) വിദഗ്ദ്ധരുടെ സേവനവും അനുവദിക്കും. ലോകബാങ്ക് സംഘം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയെയും സെക്രട്ടറിയെയും കണ്ട് ഭാവി പരിപാടികൾക്ക് രൂപം നൽകും.

ഡ്രോൺ സർവ്വേയെത്തുടർന്ന് മാലിന്യനിക്ഷേപ കേന്ദ്രങ്ങളിൽ ഫയർ ഓഡിറ്റ് നടത്താനും അന്താരാഷ്ട്ര വിദഗ്ദ്ധരുടെ സഹായത്തോടെ തുടർനടപടികൾ സ്വീകരിക്കാനും സന്നദ്ധമാണെന്ന് ലോക ബാങ്ക് ടീം അറിയിച്ചു. ഇതിന് പ്രത്യേക പദ്ധതിനിർവ്വഹണ വിഭാഗം ആരംഭിക്കുന്നത് ഉചിതമാകുമെന്ന് ലോകബാങ്ക് ടീം നിർദ്ദേശിച്ചു. മുഖ്യമന്ത്രി അത് അംഗീകരിച്ചു.

## നിയുക്തി തൊഴിൽ മേള 25ന്

**തിരുവനന്തപുരം:** എംപ്ലോയ്മെന്റ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളജിൽ മാർച്ച് 25ന് നടത്തുന്ന നിയുക്തി 2023 മെഗാ ജോബ് ഫെയർ തൊഴിൽ, വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. വി.കെ പ്രശാന്ത് എം.എൽ.എ അധ്യക്ഷത വഹിക്കും. സംസ്ഥാനത്തെ മുൻനിര കമ്പനികൾ എസ്.എസ്.എൽ.സി മുതൽ പ്രൊഫഷണൽ, ടെക്നിക്കൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്കായുള്ള മുവ്വായിരത്തിൽപ്പരം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും ാാാ.ഷീയളലമ്.സലൃമഹമ.ഴീ്.ശി എന്ന വെബ്സൈറ്റ് സന്ദർശിക്കുക. വിശദവിവരങ്ങൾക്ക്: 0471 2992609, 0474 2746789, 0468 2222745, 0477 2230622, 9447400780, 8547596706.

## വനിതാ വികസന കോർപ്പറേഷന്റെ തൊഴിലധിഷ്ഠിത പരിശീലനം

**തിരുവനന്തപുരം:** സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ ഫിനിഷിങ് സ്കൂളായ റീച്ചിൽ കുറഞ്ഞ നിരക്കിൽ വിദേശത്തും സ്വദേശത്തും ജോലി സാധ്യതയുള്ള കോഴ്സുകളിൽ ഓൺലൈൻ പരിശീലനം നൽകുന്നു.

എൻ.എസ്.ഡി.സി അംഗീകൃത കോഴ്സുകളായ പൈത്തൺ പ്രോഗ്രാമിങ്, ഗ്രാഫിക്സ് ആൻഡ് അനിമേഷൻ, വെബ് ഡിസൈനിങ് എന്നിവയിലേക്കാണ് ഓൺലൈൻ പരിശീലനം നൽകുന്നത്.

ഒരു ബാച്ചിൽ 25 കുട്ടികളാണ്. 100 ശതമാനം പ്ലേസ്മെന്റ് അസിസ്റ്റൻസ് ഉറപ്പ് നൽകുന്നു. പ്ലസ്ടു/ ഡിഗ്രി കഴിഞ്ഞവർക്ക് അപേക്ഷിക്കാം. അപേക്ഷിക്കേണ്ട അവസാന തീയതി ഏപ്രിൽ 10. വിശദവിവരങ്ങൾക്ക്: 0471 2365445, 9496015002.



വിനോദം

# മെയ്ഡ് ഇൻ കാരവാൻ ക്ലീൻ യു; വിഷു റിലീസ്, നായിക അന്നു ആന്റണി



സിനിമ കഫേ പ്രൗഡക്ഷൻസ്, ബാദുഷ പ്രൊഡക്ഷൻസ്, എവൺ പ്രൊഡക്ഷൻസ് എന്നിവയുടെ ബാനറിൽ എൻ. എം ബാദുഷ, മഞ്ജു ബാദുഷ എന്നിവർ നിർമിച്ച് ജോമി കുര്യാക്കോസ് രചനയും സംവിധാനവും നിർവഹിക്കുന്ന മെയ്ഡ് ഇൻ കാരവാൻ എന്ന ചിത്രം ഏപ്രിൽ 14ന് വിഷുവിനോടനുബന്ധിച്ച് റിലീസ് ചെയ്യും. സൂപ്പർ ഹിറ്റ് സിനിമകളായ ഹൃദയം, ആനന്ദം തുടങ്ങിയ ചിത്രങ്ങൾക്കു ശേഷം അന്നു ആന്റണിയെ നായികയാക്കി പൂർണമായും ദുബായിയിൽ ചിത്രീകരിച്ച ചിത്രത്തിന്റെ സെൻസറിങ് കഴിഞ്ഞ ദിവസം കഴിഞ്ഞു. ക്ലീൻ യു സർട്ടിഫിക്കേറ്റാണ് ചിത്രത്തിന് ലഭിച്ചിരിക്കുന്നത്.

ചിത്രത്തിന്റെ ടീസറും മറ്റും ഇതിനോടകം ശ്രദ്ധനേടിക്കഴിഞ്ഞു. ചിത്രത്തിലെ നായകനും നായികയും ദുബായിലെത്തുകയും അവിടെവച്ച് മറ്റൊരു രാജ്യത്തെ രണ്ടു കുട്ടികൾ ഇവരുടെ ജീവിതത്തിലേക്കു വന്നു ചേരുകയും അവരെ ഇവർക്ക് രക്ഷിക്കേണ്ട അവസ്ഥ വരികയും ചെയ്യുന്നു. കുട്ടികളുടെ ഇടപെടൽ മൂലം നായകനും നായികയ്ക്കുമുണ്ടാകുന്ന പ്രശ്നങ്ങളാണ് ചിത്രത്തിന്റെ ഇതിവൃത്തം.

ഇന്ദ്രൻസ്, ജെ.ആർ. പ്രിജിൽ, മിഥുൻ രമേഷ്, ആൻസൺ പോൾ, ഹഷിം കഡൗറ, അനിക ബോയ്ൽ, എല്ല സെന്റ്സ്, നസാഹ എന്നിവരാണ് ചിത്രത്തിലെ പ്രധാന അഭിനേതാക്കൾ. ഛായാഗ്രാഹണം നിർവഹിക്കുന്നത് ഷിജു എം ഭാസ്കർ ആണ്. ചിത്രത്തിന്റെ സഹനിർമാണം ഡെൽമി മാത്യുവാണ്. ബി.കെ. ഹരിനാരായണന്റെ വരികൾക്ക് വിനു തോമസിന്റെ സംഗീതം. എഡിറ്റർ വിഷ്ണു വേണുഗോപാൽ, കലാ സംവിധായകൻ രാഹുൽ രഘുനാഥ്, പ്രജക്ട് ഡിസൈനർ ജെ.പി.പ്രിജിൻ, പ്രൊഡക്ഷൻ കൺട്രോളർ സുധർമൻ വള്ളിക്കുന്ന്.



## മികച്ച പ്രതികരണങ്ങളുമായി പിഎസ് 2 ലെ പുതിയ ഗാനം

റഫീക്ക് അഹമ്മദ് രചിച്ച് ഏ.ആർ.റഹ്മാൻ സംഗീതം നൽകിയ ഗാനം ആലപിച്ചിരിക്കുന്നത് ശക്തിശ്രീ ഗോപാലനാണ്. കാർത്തി, തൃഷ, എന്നിവരാണ് ഫാന്റസിയായി ചിത്രീകരിച്ച ഗാനത്തിൽ.

മണിരത്നം അണിയിച്ചൊരുക്കിയ തന്റെ ഡ്രീം പ്രോജക്റ്റായ പൊന്നിയിൻ സെൽവൻ എന്ന ഇതിഹാസ ചിത്രത്തിന്റെ രണ്ടാം ഭാഗമായ പിഎസ്2 വിലെ പ്രണയാർദ്രമായ അകമലർ അകമലർ ഉണരുകയായോ എന്നു തുടങ്ങുന്ന മെലഡി ഗാനത്തിന്റെ ലിറിക്കൽ വീഡിയോ അണിയറക്കാർ പുറത്തു വിട്ടു. റഫീക്ക് അഹമ്മദ് രചിച്ച് ഏ.ആർ.റഹ്മാൻ സംഗീതം നൽകിയ ഗാനം ആലപിച്ചിരിക്കുന്നത് ശക്തിശ്രീ ഗോപാലനാണ്. കാർത്തി, തൃഷ, എന്നിവരാണ് ഫാന്റസിയായി ചിത്രീകരിച്ച ഗാനത്തിൽ.

കൽക്കി കൃഷ്ണമൂർത്തിയുടെ ചരിത്ര നോവൽ പൊന്നിയിൻ സെൽവൻ ആധാരമാക്കിയാണ് മണിരത്നം അതേ പേരിൽ തന്നെ ദൃശ്യ സാക്ഷാത്ക്കാരം നൽകിയിരിക്കുന്നത്. വിക്രം, കാർത്തി, ജയം രവി, ഐശ്വര്യാറായ് ബച്ചൻ, തൃഷകൃഷ്ണ, റഹ്മാൻ, പ്രഭു, ജയറാം, ശരത് കുമാർ, വിക്രം പ്രഭു ,ബാബു ആന്റണി, ലാൽ,അശ്വിൻ കാകുമാനു, റിയാസ് ഖാൻ, ശോഭിതാ ധൂലിപാല,ഐശ്വര്യ ലക്ഷ്മി, ജയചിത്ര എന്നിവരാണ് അഭിനേതാക്കൾ. ഏപ്രിൽ 28ന് പിഎസ് 2 റിലീസ് ചെയ്യും. പൊന്നിയിൻ സെൽവൻ 1 ബോക്സോഫീസിൽ വൻ ചരിത്രമാണ് സൃഷ്ടിച്ചത്.

മണിരത്നം സംവിധാനം ചെയ്ത ചിത്രത്തിന്റെ രണ്ടാം ഭാഗത്തിനായി ആകാംഷയോടെ കാത്തിരിക്കുകയാണ് ആരാധകർ.

ലൈക്കാ പ്രൊഡക്ഷൻസും മെഡ്രാസ് ടാക്കീസും സംയുക്തമായി നിർമ്മിച്ച ചിത്രത്തിന്റെ രണ്ടാം ഭാഗമായ പൊന്നിയിൻ സെൽവൻ2, (പിഎസ്2) തമിഴ്,മലയാളം, തെലുങ്ക്,കന്നഡ, ഹിന്ദി എന്നീ അഞ്ചു ഭാഷകളിൽ റിലീസ് ചെയ്യും. സി.കെ.അജയ് കുമാറാണ് പിആർഒ.

## ജോൺ എബ്രഹാമിന്റെ ഓർമ്മദിനത്തിൽ ജോൺ തിയറ്ററുകളിൽ

പ്രശസ്ത തിരക്കഥാകൃത്തും സംവിധായകനുമായ ജോൺ എബ്രഹാമിന്റെ ഓർമ്മദിനമായ മെയ് 31ന് പാപ്പാത്തി മൂവ്മെന്റ്സിന്റെ ബാനറിൽ പ്രേംചന്ദ് സംവിധാനം ചെയ്ത ജോൺ റിലീസ് ചെയ്യുന്നു.

കോഴിക്കോട് ശ്രീ തിയറ്ററിൽ വൈകിട്ട് ആറ് മണിക്കാണ് പ്രദർശനം. കെ.എസ്.എഫ്.ഡി.സി. പാക്കേജിൽ സർഗ്ഗാത്മക പങ്കാളിത്തത്തിലൂടെ പൂർത്തിയാക്കിയ ഈ ചിത്രം മധു മാസ്റ്റർ, രാമചന്ദ്രൻ മൊകേരി, എ. നന്ദകുമാർ (നന്ദൻ), ഹരിനാരായണൻ, ഛായാഗ്രാഹകരായ കെ.രാമചന്ദ്രബാബു, എം.ജെ. രാധാകൃഷ്ണൻ എന്നിവരുടെ ഓർമ്മച്ചിത്രം കൂടിയാണ്. ദീദി തിരക്കഥ രചിച്ച ചിത്രത്തിന്റെ നിർമ്മാണവും സർഗ്ഗാത്മക സംവിധാനവും മുക്തയാണ് നിർവ്വഹിച്ചത്.

കെ.രാമചന്ദ്രബാബു, എം.ജെ.രാധാകൃഷ്ണൻ, ഫൗസിയ ഫാത്തിമ, പ്രതാപ് ജോസഫ്, രാഹുൽ ആകോട്ട് എന്നിവർ ചേർന്ന് ഛായാഗ്രഹണസംവിധാനം നിർവ്വഹിച്ച ചിത്രത്തിൽ ജോൺ എബ്രഹാമിന്റെ സഹോദരി ശാന്തേടത്തി, മധു മാസ്റ്റർ, ഹരിനാരായണൻ, രാമചന്ദ്രൻ മൊകേരി, എ. നന്ദകുമാർ, ആർട്ടിസ്റ്റ് മദനൻ, ജീജോ, ശിവപ്രസാദ്, ഷുഹൈബ്, ദീപക് നാരായണൻ, ആർട്ടിസ്റ്റ് ജോൺസ് മാത്യു, ശോഭീന്ദ്രൻ മാസ്റ്റർ, ചെലവൂർ വേണു, ജീവൻ തോമസ്, ശരത്ത് കൃഷ്ണ, വെങ്കിട്ട് രമണൻ, ദുന്ദു, രാജഗോപാൽ, വിഷ്ണു രാജ് തുവയൂർ, അരുൺ പുനലൂർ, ഷാജി എം, യതീന്ദ്രൻ കാവിൽ, അഭിനവ് ജി കൃഷ്ണൻ, ജീത്തു കേശവ്, വിനായക് , കരുണൻ , അനിത ,സിവിക്‌ചന്ദ്രൻ, ടി.കെ. വാരിജാക്ഷൻ, പ്രകാശ് ബാരെ, ഒ.പി.സുരേഷ്, ഷാനവാസ് കോനാരത്ത്, ഷൗക്കത്ത് അലി വി.പി, വിജേഷ് കെ.വി, ബേബി നിയ നിഖിൽ, ബേബി ദേവ്ന അഖിൽ എന്നിവരാണ് പ്രധാന വേഷത്തിലെത്തുന്നത്.

അപ്പു ഭട്ടതിരി ചിത്രസംയോജനം കൈകാര്യം ചെയ്ത ചിത്രത്തിന് ശ്രീവത്സൻ ജെ. മേനോനാണ് സംഗീതം ഒരുക്കിയത്. കലാസംവിധാനം: ദുന്ദു, ശബ്ദ സമന്വയം: ആനന്ദ് രാഗ്, ഷൈജു യൂണിറ്റി, അരുൺ, പി.എ, അജീഷ് ഓമനക്കുട്ടൻ, ആന്റണി, സൗണ്ട് ഡിസൈൻ: അക്ഷയ് രാജ് കെ, പി.ആർ.ഒ: പി.ശിവപ്രസാദ് എന്നിവരാണ് മറ്റ് അണിയറപ്രവർത്തകർ.



## അണിയറപ്രവർത്തകർക്ക് സ്വർണം സമ്മാനമായി നൽകി കീർത്തി സുരേഷ്

യൂണിറ്റ് അംഗങ്ങൾക്ക് സ്വർണ നാണയം സമ്മാനമായി നൽകി കീർത്തി സുരേഷ്. 130 അണിയറപ്രവർത്തകർക്കാണ് താരം 10 ഗ്രാം തൂക്കം വരുന്ന സ്വർണനാണയം സമ്മാനമായി നൽകിയത്.

തെലുങ്ക് ചിത്രം ദസറയുടെ ചിത്രീകരണത്തിൻറെ അവസാന ദിവസമാണ് നടി ചിത്രത്തിൻറെ അണിയറപ്രവർത്തകർക്ക് സ്വർണ നാണയം നൽകിയത്. നടിയുടെ ഫാൻസ് പേജുകളിലാണ് ഇത് സംബന്ധിച്ച വാർത്ത വന്നത്.

ദസറയിൽ ഏറ്റവും മികച്ച പെർഫോമൻസ് കാഴ്ചവയ്ക്കാൻ സഹായിച്ച ക്രൂവിന് ഓർമിക്കാൻ തക്കവണ്ണം എന്തെങ്കിലും നൽകണമെന്ന് നടി ആഗ്രഹിച്ചിരുന്നുവെന്നാണ് റിപ്പോർട്ടുകൾ. ഓരോ സ്വർണ നാണയത്തിനും ഏകദേശം 50,000 മുതൽ 55,000 രൂപ വരെ വില വരുമെന്നാണ് കണക്കാക്കുന്നത്.

സമ്മാനത്തിനായി 75 ലക്ഷം രൂപയോളം താരം ചെലവഴിച്ചുവെന്നും റിപ്പോർട്ടുകളുണ്ട്. ഇതിനു മുമ്പും താരം സ്വർണ നാണയങ്ങൾ സമ്മാനമായി നൽകിയിരുന്നു.

## അംബേദ്കർ വിദ്യാനികേതനിൽ ഒന്നാം ക്ലാസ് പ്രവേശനം

**തിരുവനന്തപുരം:** പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിച്ചു വരുന്ന ഡോ.അംബേദ്ക്കർ വിദ്യാനികേതൻ സി.ബി.എസ്.ഇ സ്കൂൾ ഞാറനീലി, ജി.കാർത്തികേയൻ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ കുറ്റിച്ചൽ എന്നീ സ്കൂളുകളിൽ 202324 അധ്യയനവർഷം ഒന്നാം ക്ലാസ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം 2,00,000 രൂപയിൽ കവിയാൻ പാടില്ല. പ്രവേശനം പട്ടികവർഗ്ഗക്കാർക്ക് 80% സീറ്റുകളിലേയ്ക്കും പട്ടികജാതിക്കാർക്കും ജനറൽ വിഭാഗത്തിൽപ്പെട്ടവർക്കും 10% സീറ്റുകളിലേയ്ക്ക് വീതവും സംവരണം ചെയ്യപ്പെട്ടിട്ടുണ്ട്. നിശ്ചിത ഫോറത്തിലുള്ള പൂരിപ്പിച്ച അപേക്ഷകൾ ഏപ്രിൽ 10ന് വൈകിട്ട് അഞ്ചു വരെ സ്വീകരിക്കും. അപേക്ഷയുടെ മാതൃകയും മറ്റു വിശദവിവരങ്ങളും നെടുമങ്ങാട് സത്രം ജംഗ്ഷനിൽ പ്രവർത്തിക്കുന്ന ഐ.റ്റി.ഡി.പി ഓഫീസ്, കാട്ടാക്കട, വാമനപുരം, നെടുമങ്ങാട് (വിതുര) എന്നീ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകളിലും ജി.കാർത്തികേയൻ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സി.ബി.എസ്.ഇ സ്കൂൾ മണലി, മലയിൻകീഴ്, ഡോ.അംബേദ്ക്കർ വിദ്യാനികേതൻ സി.ബി.എസ്.ഇ സ്കൂൾ ഞാറനീലി, എന്നിവിടങ്ങളിൽ നിന്നും ലഭ്യമാണ്. അപേക്ഷയോടൊപ്പം ജനനസർട്ടിഫിക്കറ്റിന്റെ പകർപ്പും ജാതി, കുടുംബവാർഷിക വരുമാനം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളും ഉള്ളടക്കം ചെയ്യണം. അപേക്ഷകന്റെ മാതാപിതാക്കളിൽ നിന്നും തങ്ങൾ കേന്ദ്ര/സംസ്ഥാന/പൊതുമേഖല ജീവനക്കാർ അല്ല എന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ സത്യാവാങ്മൂലം നിർബന്ധമായും അപേക്ഷയോടൊപ്പം സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് : 0472 2812557.



# കടൽഭിത്തി നിർമാണം ഇഴയുന്നു

## പൂർത്തിയായ ഭാഗങ്ങളിൽ വേലിയേറ്റ സമയത്ത് വെള്ളം കയറുന്നു

**പുതിയങ്ങാടി:** കടലാക്രമണം തടയാനായി മാടായി, മാട്ടൂൽ പഞ്ചായത്തുകളിലെ തീരദേശങ്ങളിൽ നടക്കുന്ന കടൽഭിത്തി നിർമാണം ഇഴഞ്ഞു നീങ്ങുന്നതായി പരാതി. 16 കോടി രൂപ ചെലവിലാണ് മാട്ടൂൽ പഞ്ചായത്തിലെ സൗത്ത് കടപ്പുറം മുതൽ മാടായി പഞ്ചായത്തിലെ പുതിയങ്ങാടി വരെ 2820 മീറ്റർ നീളത്തിൽ കടൽ ഭിത്തി നിർമിക്കുന്നത്. ഫെബ്രുവരിയിൽ നിർമാണം പൂർത്തിയാക്കുമെന്നാണ് അധികൃതർ നൽകിയ ഉറപ്പ്. എന്നാൽ ഇപ്പോഴും പകുതി പോലും പൂർത്തിയായിട്ടില്ല.

ഇതിന് പുറമേ കടൽ ഭിത്തി നിർമാണം പൂർത്തിയായ മാടായി പഞ്ചായത്തിലെ നീരൊഴുക്കും ചാൽ, മാട്ടൂൽ പഞ്ചായത്തിലെ കക്കാടൻ ചാൽ എന്നിവിടങ്ങളിൽ കടലേറ്റ സമയത്ത് കടൽ ഭിത്തിക്ക് ഇടയിലൂടെ കരയിലേക്ക് വൻതോതിൽ വെളളം കരയിലേക്ക് അടിച്ച് കയറുന്നുണ്ട്. നിർമാണത്തിലെ അപാകതയാണ് ഇതിന് കാരണമെന്ന് നാട്ടുകാർ ആരോപിക്കുന്നു.

കടുത്ത വേനൽ കാലത്ത് ഇതാണ് അവസ്ഥയെങ്കിൽ മഴക്കാലം ആകുന്നതോടെ സ്ഥിതി ഗുരുതരമാകും. കടൽ ഭിത്തി നിർമാണത്തിലെ അപാകതയ്ക്ക് എതിരെ തീരദേശവാസികൾ പ്രതിഷേധം ഉയർത്തി കഴിഞ്ഞു. മഴക്കാലം എത്തും മുൻപേ കടൽ ഭിത്തി നിർമാണം പൂർത്തിയാക്കണം എന്നാണ് തീരദേശവാസികൾ പറയുന്നത്.

പുതിയങ്ങാടി 250 മീറ്റർ, നീരൊഴുക്കും ചാൽ 892 മീറ്റർ, മാട്ടൂൽ കക്കാടൻ ചാൽ 218 മീറ്റർ, വാവു വളപ്പ് 798 മീറ്റർ, സെൻട്രൽ 365 മീറ്റർ, സൗത്ത് 297 മീറ്റർ എന്നിങ്ങനെയാണ് കടൽ ഭിത്തി നിർമിക്കേണ്ടത്. കടൽ ഭിത്തി നിർമാണത്തിന് ആവശ്യമായ എസ്റ്റിമേറ്റ് പ്രകാരമുള്ള നീളത്തിലും വീതിയിലും കരിങ്കല്ല് ഉപയോഗിക്കുന്നില്ലെന്ന പരാതിയും ഉയർന്നിട്ടുണ്ട്.

## ഹിന്ദി അധ്യാപക ഒഴിവ്

**കോട്ടയം:** ജില്ലയിലെ ഒരു മാനേജ്മെന്റ് സ്ഥാപനത്തിലേക്ക് എച്ച്എസ്എസ്ടി ഹിന്ദി തസ്തികയിൽ കാഴ്ച വൈകല്യമുള്ളവർക്കായി സംവരണം ചെയ്ത ഒരു സ്ഥിരം ഒഴിവ് നിലവിലുണ്ട്. യോഗ്യത : എംഎ ഹിന്ദി, ബിഎഡ്, സെറ്റ് അല്ലെങ്കിൽ തതുല്യം.

ശമ്പള സ്കെയിൽ : 552001,15,300. പ്രായം 2023 ജനുവരി 1ന് 40 വയസ്സ് കവിയാൻ പാടില്ല.

നിശ്ചിത യോഗ്യതയുള്ള തല്പരരായ ഉദ്യോഗാർഥികൾ പ്രായം, ജാതി, വിദ്യാഭ്യാസ യോഗ്യത, ഭിന്നശേഷിത്വം എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഏപ്രിൽ 3ന് മുൻപ് ബന്ധപ്പെട്ട പ്രൊഫഷണൽ ആൻഡ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യുക. നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർ ബന്ധപ്പെട്ട നിയമാനാധികാരിയിൽ നിന്നുമുള്ള എൻഒസി ഹാജരാക്കേണ്ടതാണ്.

## ജീവനം 2023 ക്വിസ് മത്സരം

ലോക ജലദിനത്തോടനുബന്ധിച്ച് തദ്ദേശസ്വയം ഭരണ വകുപ്പും, രാഷ്ട്രീയ ഗ്രാമ് സ്വരാജ് അഭിയാൻ യും കോന്നി മന്നം മെമ്മോറിയൽ എൻഎസ്എസ് കോളജ് സോഷ്യൽ വർക്ക് വിഭാഗവും സംയുക്തമായി കോന്നി ബ്ലോക്കിലെ കോളജ് വിദ്യാർഥികൾക്കായി ജീവനം 2023 ക്വിസ് മത്സരം സംഘടിപ്പിച്ചു. ഒന്നാം സ്ഥാനം എസ്എഎസ് എസ്എൻഡിപി യോഗം കോളജ് കോന്നിയും രണ്ടാം സ്ഥാനം മന്നം മെമ്മോറിയൽ എൻഎസ്എസ് കോളജ് കോന്നിയും കരസ്ഥമാക്കി. കോന്നി ഡിഎഫ്ഒ ആയുഷ്കുമാർ കോറി ക്വിസ് മത്സരം ഉദ്ഘാടനം നിർവഹിച്ചു. കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജിജി സജി വിജയികൾക്ക് സമ്മാനദാനം നിർവഹിച്ചു.

# ജലക്ഷാമം പരിഹരിക്കാൻ കാസർകോട് ജില്ലയിൽ ഒരുങ്ങുന്നു, 42 കുളങ്ങൾ



**രാജപുരം:** ജലക്ഷാമം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്ത് നിർമിക്കുന്നത് 2000 കുളങ്ങൾ. ഇതിന്റെ ഭാഗമായി ജില്ലയിൽ 42 കുളങ്ങൾ നിർമിക്കും. സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ പരിപാടിയുടെ ഭാഗമായാണ് തൊഴിലുറപ്പ് പദ്ധതിയിൽ ഇതുൾപ്പെടുത്തിയത്. സ്ഥാനത്തെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിച്ച്, ഒപ്പം കൃഷി സ്ഥലങ്ങളിൽ കൂടുതൽ വെള്ളം എത്തിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.സംസ്ഥാനത്ത് ആകെ ആദ്യ ഘട്ടത്തിൽ നിർമാണം പൂർത്തീകരിച്ച്1000 കുളങ്ങൾ ലോക ജല ദിനത്തോടനുബന്ധിച്ച് ഉദ്ഘാടനം ചെയ്യപ്പെടും.

നിയോജക മണ്ഡലംതലത്തിൽ എംഎൽഎമാർ, പഞ്ചായത്ത് തലത്തിൽ പ്രസിഡന്റുമാർ എന്നിവർ ഉദ്ഘാനം നിർവഹിക്കുംജില്ലയിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ! ഇത്തരത്തിൽ 42 കുളങ്ങളാണ് നിർമിക്കുന്നത്. 200 തൊഴിൽ ദിനങ്ങളിലായി ശരാശരി 1.5 ലക്ഷം രൂപയാണ് കുളത്തിന്റെ നിർമാണ ചെലവ്.

അതത് സ്ഥലങ്ങളിലെ ഭൂപ്രകൃതി അനുസരിച്ച് കുളങ്ങളുടെ വിസ്തൃതിയിൽ മാറ്റങ്ങളുണ്ടാകും. നിർമിക്കുന്നതു കൂടാതെ പൊതുകുളങ്ങൾ ശുചീകരിക്കുന്നതും പദ്ധതിയുടെ ഭാഗമാണ്.

അജാനൂർ, മടിക്കൈ, പള്ളിക്കര, പുല്ലൂർ പെരിയ, ഉദുമ, ബേഡഡുക്ക, ബെള്ളൂർ, ദേലംപാടി, കാറഡുക്ക, കുംബഡാജെ, കുറ്റിക്കോൽ, മുളിയാർ, ബദിയഡുക്ക, ചെമ്മനാട്, ചെങ്കള, കുമ്പള, മധൂർ, മൊഗ്രാൽ പുത്തൂർ, എന്മകജെ, മംഗൽപാടി, മഞ്ചേശ്വരം, മീഞ്ച, പൈവളിഗെ, പുത്തിഗെ, വോർക്കാടി, കയ്യൂർ ചീമേനി, ബളാൽ, ഈസ്റ്റ് എളേരി, കള്ളാർ, കിനാനൂർ കരിന്തളം, കോടോം ബേളൂർ, പനത്തടി എന്നിവിടങ്ങളിലാണ് ആദ്യഘട്ട കുളം നിർമാണം പൂർത്തിയായിട്ടുള്ളത്. ഉദ്ഘാടനം വിപുലമായ രീതിയിൽ അതത് പഞ്ചായത്തിലെ കുളത്തിന്റെ സൈറ്റിൽ നടത്തുമെന്ന് എൻആർഇജി ജില്ലാ അധികൃതർ അറിയിച്ചു.

## നെടുമങ്ങാട് ജില്ലാ ആശുപത്രിക്ക് പുതിയ കെട്ടിടം നിർമിക്കും

നെടുമങ്ങാട് ജില്ലാ ആശുപത്രിക്ക് മൂന്ന് വർഷത്തിനകം അത്യാധുനിക സൗകര്യങ്ങളോടെ പുതിയ കെട്ടിടം നിർമിക്കുമെന്ന് ആരോഗ്യ വകുപ്പു മന്ത്രി വീണാ ജോർജ്. നെടുമങ്ങാട് ജില്ലാ ആശുപത്രിയിലേക്ക് അനുവദിച്ച പുതിയ ആമ്പുലൻസ്, നവീകരിച്ച ഒ പി കൗണ്ടർ, മറ്റ് ഉപകരണങ്ങൾ എന്നിവയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. ആശുപത്രിക്ക് പുതിയ കെട്ടിടം നിർമിക്കാൻ സ്ഥലപരിമിതി പ്രശ്നമാണ്. ഇത് പരിഹരിക്കാനുള്ള ശ്രമം നടക്കുകയാണ്. പുതിയ കെട്ടിത്തിനാവശ്യമായ ഫണ്ട് കിഫ്ബി വഴി ലഭ്യമാക്കാമെന്ന് തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.



# മാലിന്യ പ്രശ്നം പരിഹാരത്തിന് ഊന്നൽ നൽകി എറണാകുളം ജില്ലാ പഞ്ചായത്ത് ബജറ്റ്



**കൊച്ചി:** മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഊന്നൽ നൽകി എറണാകുളം ജില്ലാപഞ്ചായത്ത് ബജറ്റ്. പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം ഉറപ്പുവരുത്തുന്നതിനും എറണാകുളം തരിശ് രഹിത ജില്ലയും ട്രാൻസ് ജെൻഡർ സൗഹൃദ ജില്ലയാക്കി മാറ്റുന്നതിനും സാമൂഹ്യ സുരക്ഷയ്ക്കൊപ്പം പശ്ചാത്തല സൗകര്യ വികസനത്തിനും ഭവന, കാർഷിക, ആരോഗ്യ, സ്ത്രീ സുരക്ഷ, വിദ്യാഭ്യാസ, ശുചിത്വ മേഖലക്കും വികസനപ്രവാസി ക്ഷേമ പ്രവർത്തനങ്ങൾക്കും ബഡ്ജറ്റിൽ മുൻതൂക്കം നൽകിയിട്ടുണ്ടെന്ന് ബജറ്റ് അവതരിപ്പിച്ചുകൊണ്ട് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സനിത റഹീം വ്യക്തമാക്കി.10,88,13,696 രൂപ മുന്നിരിപ്പും 150,45,01,696 രൂപ ആകെ വരവും 145,82,56,500 രൂപ ആകെ ചെലവും പ്രതീക്ഷിക്കുന്ന ബജറ്റിൽ 4,62,46,196 രൂപ നീക്കിയിരിപ്പുമുള്ളതുമാണ്. ലഭ്യമായ തനത് വരുമാന സ്രോതസുകളെ ഫലപ്രദമായി പ്രയോജനപ്പെടുത്തിയും പുതിയ സ്രോതസുകൾ കണ്ടെത്തിയും ചെലവുകൾ നിയന്ത്രിച്ചും തനത് ഫണ്ട് സ്ഥിതി മെച്ചപെടുത്തുന്ന നിർദ്ദേശങ്ങളാണ് ബജറ്റിലുള്ളത്. കഴിഞ്ഞ വർഷം ബജറ്റിൽ പ്രഖ്യാപിച്ച ഭൂരിപക്ഷം പദ്ധതികളും നടപ്പാക്കിയതായി പ്രസിഡന്റ് ഉല്ലാസ് തോമസും വൈസ് പ്രസിഡന്റ് സനിത റഹീമും പറഞ്ഞു.

എറണാകുളം ജില്ലയിലെ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കാൻ സമഗ്ര മാലിന്യ സംസ്കരണ പദ്ധതി ആവിഷ്കരിക്കും, പ്രത്യേക കർമ്മ പദ്ധതി രൂപികരിക്കും. ജലാശയങ്ങളിലെ മാലിന്യം നീക്കം ചെയ്യാനും പുതിയത് എത്താതെ തടയാനും ബ്ലൂആർമിക്ക് രൂപം നൽകും. പരീക്ഷണാടിസ്ഥാനത്തിൽ തീരദേശത്തെ ഏതാനും പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കും. ജലാശയങ്ങളിലേക്ക് മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനും കമ്പിവേലി കെട്ടുന്നതിനും കവചം പദ്ധതി നടപ്പിലാക്കും.അലോപ്പതി, ആയുർവേദ ഹോമിയോ ആശുപത്രികളുടെ സേവനം മെച്ചപ്പെടുത്തുന്നതിനും മരുന്നിനും അടിസ്ഥാന സൗകര്യവികസനത്തിനുമായി ഒരുകോടി രൂപയുടെ പദ്ധതികളാണ് ബജറ്റിലുൾപ്പെടുത്തിയിട്ടുള്ളത്. പാലിയേറ്റീവ് കെയർ പദ്ധതിക്കായി 50 ലക്ഷവും ഉൾപ്പെടുത്തി. ആലുവ ജില്ലാ ആശുപത്രിയിൽ ഐസിയു മെഡിക്കൽ യൂണിറ്റ് തുടങ്ങും. ഇവിടുത്തെ ഒഫ്താൽമോളജി വിഭാഗം ദൃഷ്ടി എന്ന പേരിൽ അത്യാധുനിക നിലവാരത്തിലാക്കും. അതി ദരിദ്രവിഭാഗത്തിൽപ്പെട്ട ആളുകൾക്ക് നേത്ര പരിശോധന ക്യാമ്പ് നടത്തി പരിശോധിച്ച് കണ്ണടകൾ സൗജന്യമായി നൽകും.

കരൾമാറ്റ ശസ്ത്രക്രിയക്കായി 40 ലക്ഷം രൂപയുടെ പുനർജനി പദ്ധതിയും ബജറ്റിലുണ്ട്.600 ലധികം വൃക്ക രോഗികൾക്ക് പ്രതിവർഷം 48,000 രൂപ വീതം നൽകി വരുന്നു. പദ്ധതി തുടരുന്നതിനായി ജില്ലാ പഞ്ചായത്ത് വിഹിതമായി 90 ലക്ഷം രൂപ നീക്കിവച്ചു. ഉപയോഗിച്ച ശേഷം മിച്ചം വരുന്ന മരുന്നുകൾ ശേഖരിച്ച് സൗജന്യമായി വിതരണം ചെയ്യുന നന്മ പദ്ധതി നടപ്പിലാക്കും. ആരോഗ്യ പ്രവർത്തകർ വഴി വീടുകളിൽ നിന്നും ശേഖരിക്കുന്ന മരുന്നുകൾ പി എച്ച്സികൾ വഴി ജില്ലാ ആശുപത്രിക്ക് കൈമാറും. ഇവിടുന്നാണ് അർഹരായ രോഗികൾക്ക് വിതരണം ചെയ്യുക. അതിഥി തൊഴിലാളികൾക്കായി ഹമാര ഘർ എന്ന പേരിൽ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കും. വനിത സംരംഭക ഇടനാഴിക്ക് രണ്ടുകോടി രൂപ സബ്സിഡി നൽകും. ഉടമസ്ഥർ കൃഷി ചെയ്യാൻ തയ്യാറാകാത്ത പാടശേഖരങ്ങൾ അവരുടെ സമ്മതത്തോടെ പാട്ട കൃഷി ചെയ്യുന്നതിന് 1.5 കോടിരൂപ. തരിശ് കൃഷി മോണിട്ടർ ചെയ്യുന്നതിന് ബ്ലോക്ക് തലത്തിലും ജില്ലാ തലത്തിലും പ്രത്യേക മോണിട്ടറിംഗ് സമിതി രൂപികരിക്കും. ഫാം ഫെസ്റ്റുകൾ സംഘടിപ്പിച്ച് ഫാം ഉൽപ്പനങ്ങൾ വിറ്റഴിക്കാൻ വിപണി ഒരുക്കും. ഒക്കൽ വിപണന കേന്ദ്രത്തിലും ജില്ലാപഞ്ചായത്ത് കോമ്പൗണ്ടിലും ജില്ലാപഞ്ചായത്തിന്റെ നേരിട്ടുള്ള വിൽപ്പന കേന്ദ്രങ്ങൾ തുറക്കും. അങ്കമാലിയിലെ മുയൽ വളർത്തൽ കേന്ദ്രത്തിൽ കൂടുതൽ മുയലുകളെ എത്തിക്കും, ഇവിടെയുള്ള പ്രവർത്തനങ്ങൾ വൈവിധ്യവൽക്കരിക്കും.

ഫാം ടൂറിസം പദ്ധതി പൂർത്തിയാക്കി മെയ് മാസത്തിൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കും. ജില്ലയിലെ പൊതു സ്ഥാപനങ്ങളിൽ ട്രാൻസ് ജെൻഡറുകൾക്ക് പ്രത്യേക സൗകര്യവും കൂടുതൽ പരിഗണനയും നൽകുന്നതിന് നടപടികൾ സ്വീകരിക്കും. ട്രാൻസ് ജെൻഡറുകൾക്ക് മാത്രമായി ജില്ലാ പഞ്ചായത്ത് ആരംഭിച്ചിരിക്കുന്ന പ്രത്യേക ക്ലിനിക്കിന്റെ പ്രവർത്തനം വിപുലീകരിക്കും. ഇവർക്ക് തൊഴിൽ പരിശീലനം നൽകി സംരംഭങ്ങൾ ആരംഭിക്കുന്നതിന് സഹായിക്കും. ഇവർക്കായി മാത്രം പിഎസ്സി കോച്ചിംഗ് സെന്ററുകൾ ആരംഭിക്കും. വ്യവസായ എസ്റ്റേറ്റ് തുടങ്ങാനായി സ്ഥലംവാങ്ങുന്നതിന് 5 കോടിയുടെ പദ്ധതി. പ്രവാസികൾക്ക് മൂന്നു പദ്ധതികൾ. പ്രവാസി ക്ഷേമത്തിന് ആകെ 30 ലക്ഷം രൂപയുടെ പദ്ധതികൾ. സ്ത്രീകളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അവർക്ക് പാർലമെന്ററി നടപടിക്രമങ്ങളിൽ പരിശീലനം നൽകുന്നതിനും ഷീ പാർലമെന്റ് സംഘടിപ്പിക്കും.

അഭയം എന്ന പേരിൽ തെരുവുനായ സംരക്ഷണ കേന്ദ്രവും പെറ്റ് കെയർ സെന്ററും തുടങ്ങും. പ്രാരംഭമായി 50 ലക്ഷം രൂപ നീക്കിവച്ചു. ഇതിനൊപ്പം എ ബി സി പദ്ധതി മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കും. പെൺകുട്ടികൾക്ക് ആയോധന കലാ പരിശീലനത്തിനായി 10 ലക്ഷം. അവരുടെ സാമൂഹ്യ പദവി ഉയർത്തുന്നതിനായി വിവിധ ക്ഷേമ പദ്ധതികളും ബജറ്റിലുണ്ട്. പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗത്തിന് സിവിൽ സർവ്വീസ്, പി എസ് സി , ഒജെറ്റി, ഐ ഇ എൽ ടി എസ് കോച്ചിംഗിന് 25 ലക്ഷം രൂപയുടെ പദ്ധതിയും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ദുരന്തനിവാരണത്തിന് സ്കൂൾ തലങ്ങളിൽ ദുരന്ത നിവാരണക്ലബ് രൂപികരിച്ച് അവർക്ക് വിദഗ്ദ പരിശീലനം നൽകും. തീരമേഖലയെ വെള്ളപ്പൊക്ക വേലിയേറ്റത്തിൽ നിന്നും സംരക്ഷിക്കുവാൻ 2 കോടിയുടെ തീര രക്ഷാ പദ്ധതിയും ബജറ്റിൽ പ്രഖ്യാപിച്ചതായും വൈസ് പ്രസിഡന്റ് സനിത റഹീം പറഞ്ഞു.യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് അദ്ധ്യക്ഷത വഹിച്ചു.

# കുഫോസിൽ പി.ജി / പി.എച്ച്.ഡി പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന സർക്കാർ സർവ്വകലാശാലയായ കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിൽ (കുഫോസ്) 2023-24 അധ്യയന വർഷത്തിൽ വിവിധ എം.എസ്.സി / എം.എഫ്,എസ്.സി , പി.എച്ച്.ഡി കോഴ്സുകളിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.ഫുഡ് സയൻസ് ആൻറ് ടെക്നോളജി, അപ്ളെഡ് ജിയോളജി, ബയോടെക്നോളജി, ക്ളൈമറ്റ് സയൻസ്, ഡിസാസ്റ്റർ മാനേജ്മൻറ്, എൺവയർമെൻറൽ സയൻസ്, മറൈൻ ബയോളജി, മറൈൻ കെമിസ്ട്രി, മറൈൻ മൈക്രോബയോളജി, ഫിസിക്കൽ ഓഷ്യാനോഗ്രഫി, റിമോട്ട് സെൻസിങ്ങ് ആൻറ് ജിഐഎസ്, സ്റ്റാറ്റിസ്റ്റിക്സ് എന്നീ വിഷയങ്ങളിൽ എം.എസ്.സി കോഴ്സുകളും അക്വാകൾച്ചർ, അക്വാറ്റിക് അനിമൽ ഹെൽത്ത് മാനേജ്മെൻറ്, അക്വാറ്റിക് എൺവയർ മാനേജ്മെൻറ്, ഫിഷ് ന്യൂട്രീഷ്യൻ ആൻറ് ഫീഡ് ടെക്നോളജി, ഫിഷ് പ്രോസസിങ്ങ് ടെക്നോളജി, ഫിഷിങ്ങ് ടെക്നോളജി ആൻറ് എഞ്ചനിയറിങ്ങ്, ഫിഷറീസ് എക്സ്ടെൻഷൻ, ഫിഷറീസ് റിസോഴ്സസ് മാനേജ്മെൻറ്, ഫിഷ് ജെനറ്റിക്സ് ആൻറ് ബ്രീഡിങ്ങ് എന്നീ വിഷയങ്ങൾ സ്പെഷ്യലൈസ് ചെയ്ത് എം.എഫ്.എസ്.സി കോഴ്സുകളുമാണ് കുഫോസിൽ ഉള്ളത്.ഫിനാൻസ്, മാർക്കറ്റിങ്ങ്, ഹ്യൂമൻ റിസോഴ്സസ് മാനേജ്മെൻറ് വിഷയങ്ങളിൽ ഡ്യൂവൽ സ്പെഷ്യലൈസേഷനോടെയുള്ള എം.ബി.എ പ്രോഗ്രാമിലേക്കും (കെമാറ്റ്/സിമാറ്റ്/ കാറ്റ് യോഗത്യയുള്ളവരായിക്കണം അപേക്ഷകർ).കോസ്റ്റൽ ആൻറ് ഹാർബർ എഞ്ചിനീയറിങ്ങ്, ഓഷൻ ആൻറ് കോസ്റ്റൽ സേഫ്റ്റി എഞ്ചിനീയറിങ്ങ് എന്നീ വിഷയങ്ങളിൽ നടത്തുന്ന എം.ടെക് കോഴ്സുകളിലേക്കകും ഇപ്പോൾ അപേക്ഷിക്കാം. ഇതോടൊപ്പം ഫിഷറീസ് സയൻസ്, ഓഷൻ സയൻസ് ആൻറ് ടെക്നോളജി, ഫിഷറീസ് മാനേജ്മെൻറ്, ഫിഷറീസ് എഞ്ചിയിയറിങ്ങ് എന്നീ ഫാക്കൽറ്റികളുടെ കീഴിൽ ഫിഷറീസും സമുദ്രശാസ്ത്രവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പി.എച്ച്.ഡി പ്രവേശനത്തിനും ഇപ്പോൾ അപേക്ഷിക്കാം. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തിയ്യതി ഏപ്രിൽ 22. പി.എച്ച്.ഡി. ഉൾപ്പടെയുള്ള എല്ലാ കോഴ്സുകളിലേക്കും ഓൺലൈൻ ആയി ആണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഇതിനായി ം.മറാശശൈീ.സൗളീ.മര.ശി എന്ന വെബ് സൈറ്റ് സന്ദർശിക്കുക. കോഴ്സുകളുടെ വിശദാംശങ്ങളും, ഫീസ്, സീറ്റുകളുടെ എണ്ണം മുതലായ വിവരങ്ങൾ അറിയാനും പ്രോസ്പെക്ടസ് ലഭിക്കാനും സർവ്വകലാശാല വെബ്സൈറ്റ് ആയ ം.സൗളീ.മര.ശി സന്ദർശിക്കുക. എല്ലാ കോഴ്സുകളിലേക്കും അവസാന വർഷ ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം. എല്ലാ ബിരുദാനന്തര ബിരുദ കോഴ്സുകളിലും രണ്ട് സീറ്റ് വീതം എൻ.ആർ.ഐ ക്വോട്ടയുണ്ട്. ഈ ക്വോട്ടയിൽ അപേക്ഷിക്കുന്നവരും ഓൺലൈനായി അപേക്ഷ സമർപ്പിക്കണം.

ഫിഷറീസ് ഫാക്കൽററിയിലെ പി.ജി , പി.എച്ച്.ഡി പ്രവേശനത്തിന് നാഷണൽ ടെസ്റ്റിങ്ങ് ഏജൻസി (എൻ.ടി.എ) നടത്തുന്ന ഇന്ത്യൻ കാർഷിക ഗവേഷണ കൌൺസിലിൻറെ പ്രവേശന പരീക്ഷാ സ്കോർ ആയിരിക്കും പരിഗണിക്കുക. മറ്റുള്ള കോഴ്സുകൾക്ക് കുഫോസ് നടത്തുന്ന പ്രവേശന പരീക്ഷയിലൂടെയായിരിക്കും പ്രവേശനം. എം.ബി.എ പ്രവേശനം കെമാറ്റ്/സിമാറ്റ്/ കാറ്റ് സ്കോറിൻറെയും ഗ്രൂപ്പ് ഡിസ്കഷൻറെയും അടിസ്ഥാനത്തിലായിരിക്കും.

## ഹോംഗാർഡ് റിക്രൂട്ട്മെന്റ്

**കൊച്ചി:** ജില്ലയിലെ വനിതാ/പുരുഷ ഹോംഗാർഡുകളുടെ ഒഴിവ് നികത്തുന്നതിലേക്കായി അപേക്ഷകൾ സമർപ്പിച്ചവരിൽ നിന്നും യോഗ്യരായവരെ തെരഞ്ഞെടുക്കുന്നതിനായി കായികക്ഷമതാ പരീക്ഷയും സർട്ടിഫിക്കറ്റ് പരിശോധനയും ഈ മാസം 29 ന് രാവിലെ 6 ന് തൃപ്പൂണിത്തുറ എ ആർ ക്യാമ്പിൽ നടത്തും. അപേക്ഷ സമർപ്പിച്ചവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി കൃത്യസമയത്ത് ഹാജരാകണം.

## സെക്യൂരിറ്റി ഒഴിവ്

കൊച്ചി: നോർത്ത് പറവൂർ സർക്കാർ ഹോമിയോ ആശുപത്രിയിലേക്ക് ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി മുഖേന കരാർ അടിസ്ഥാനത്തിൽ താല്ക്കാലികമായി സെക്യൂരിറ്റിയെ നിയമിക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചു. പ്രായം 65 വയസിൽ കവിയരുത്. പറവൂർ നഗരസഭ പരിധിയിൽ ഉള്ളവർക്കും, പ്രവർത്തി പരിചയം ഉള്ളവർക്കും മുൻഗണന. അപേക്ഷകൾ ഏപ്രിൽ 5 ന് വൈകിട്ട് 5 നകം ആശുപത്രി സൂപ്ര്, സർക്കാർ ഹോമിയോ ആശുപത്രി, നോർത്ത് പറവൂർ പി. ഒ, എറണാകുളം 683513 എന്ന വിലാസത്തിൽ നേരിട്ടോ, തപാൽ മുഖേനയോ എത്തിക്കണം. കൂടുതൽ വിവരങ്ങൾക്ക് : 0484 2442683.

## കെൽട്രോണിൽ ടെലിവിഷൻ ജേർണലിസം

**കൊച്ചി:** സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ നടത്തുന്ന മാധ്യമ പഠനത്തിന്റെ 2023 ഏപ്രിൽ ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. മാധ്യമ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പ്, പ്ലേസ്മെൻറ് സഹായം എന്നിവയും നിബന്ധനകൾക്ക് വിധേയമായി ലഭിക്കും. പ്രിൻറ് മീഡിയ ജേർണലിസം, ടെലിവിഷൻ ജേർണലിസം, സോഷ്യൽ മീഡിയ ജേർണലിസം, മൊബൈൽ ജേർണലിസം, ആങ്കറിങ് എന്നിവയിലും പരിശീലനം ലഭിക്കും. ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയവർക്കോ, അവസാന വർഷ ബിരുദ ഫലം കാത്തിരിക്കുന്നവർക്കോ അപേക്ഷിക്കാം. കോഴിക്കോട് കേന്ദ്രത്തിൽ അപേക്ഷകൾ ലഭിക്കുവാനുള്ള അവസാന തീയതി ഏപ്രിൽ അഞ്ച്. ക്ലാസുകൾ ഏപ്രിലിൽ ആരംഭിക്കും. അപേക്ഷാ ഫോമിനും വിശദവിവരങ്ങൾക്കും വിളിക്കുക/ വാട്ട്സാപ്പ് ചെയ്യുക: 954495 8182. വിലാസം കെൽട്രോൺ നോളേജ്സെന്റർ, മൂന്നാം നില, അംബേദ്ക്കർ ബിൽഡിങ്, റെയിൽവേ സ്റ്റേഷൻ ലിങ്ക് റോഡ്, കോഴിക്കോട്. 673 002.

## ദർഘാസ് ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ഭക്ഷ്യ സുരക്ഷാ അസിസ്റ്റൻറ് കമ്മീഷണറുടെ കീഴിലുള്ള തൃപ്പൂണിത്തുറ ഭക്ഷ്യ സുരക്ഷാ സർക്കിൾ ഓഫീസ് പ്രവർത്തിച്ചിരുന്ന തൃപ്പൂണിത്തുറ ലായം റോഡിലെ ,മുനിസിപ്പാലിറ്റി ഓഫീസിന് എതിർവശമുള്ള തതതഢകക/873, 874 നമ്പർ ഉപയോഗശൂന്യമായ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് താല്പര്യമുള്ളവരിൽ നിന്നും ദർഘാസ് ക്ഷണിച്ചു. ദർഘാസ് ലഭിക്കേ അവസാന തീയതി ഏപ്രിൽ 18 പകൽ 11 വരെ.

# തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് സൗജന്യ പരിശീലനം

**കൊച്ചി:** സംസ്ഥാന സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ എറണാംകുളം ജില്ലയിലുള്ള നോളജ് സെന്ററുകളിൽ ആരംഭിക്കുന്ന വിവിധ തൊഴിലധിഷ്ഠിത കോഴ്സുകളിലേക്ക് സൗജന്യ അഡ്മിഷൻ നേടുന്നതിനായി പട്ടികജാതി വിഭാഗം യുവതി യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

കെൽട്രോൺ സർട്ടിഫൈഡ് ഇലക്ട്രോണിക്സ് ആൻറ് ഹാർഡ് വെയർ സർവീസ് ടെക്നീഷ്യൻ യോഗ്യത എസ്.എസ്.എൽ.സി, കാലാവധി നാല് മാസം. അഡ്വാൻസ് ഡിപ്ലോമ ഇൻ ഐെറ്റി എനാബിൾഡ് സർവീസ് ആൻറ് ബി.പി.ഒ, യോഗ്യത പ്ലസ് ടു/വി.എച്ച്.എസ്.സി കാലാവധി ആറ് മാസം. കെൽട്രോൺ സർട്ടിഫൈഡ് നെറ്റ് വർക്കിംഗ് പ്രൊഫഷണൽ, യോഗ്യത പ്ലസ് ടു/വി.എച്ച്.എസ്.സി കാലാവധി ആറ് മാസം, അഡ്വാൻസ് ഡിപ്ലോമ ഇൻ വെബ് ആപ്ലിക്കേഷൻ യൂസിംഗ് ഫി ആൻറ് ഓപ്പൺ സോഴ്സ് പ്ലാറ്റ്ഫോം പ്ലസ് ടു/വി.എച്ച്.എസ്.സി കാലാവധി ആറ് മാസം, സർട്ടിഫിക്കറ്റ് ഓഫ് പ്രൊഫഷണൽ എക്സലൻസ് യൂത്ത് എംപ്ലോയബിലിറ്റി സ്കിൽ ട്രെയിനിംഗ് യോഗ്യത എസ്.എസ്.എൽ.സി, കാലാവധി മൂന്ന് മാസം. താത്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുമായി നേരിട്ട് ഹാജരാകുക. കൂടുതൽ വിവരങ്ങൾക്ക് കെൽട്രോൺ നോളജ് സെന്റർ, മൂന്നാം നില, എം. ഇ. എസ് കൾച്ചറൽ കോപ്ലക്സ്, കലൂർ ഏീ: 0484 2971400, 8590605259 കെൽട്രോൺ നോളജ് സെന്റർ, രാം നില, സാന്തോ കോംപ്ലക്സ്, റെയിൽവേ സ്റ്റേഷൻ റോഡ്, ആലുവ, ഫോൺ: 0484 2632321, 8136802304, ഹെൽപ്പ്ലൈൻ നമ്പർ: 9188665545 വിലാസത്തിൽ ബന്ധപ്പെടുക.

# ത്രിദിന റസിഡൻഷ്യൽ പരിശീലനം ആരംഭിച്ചു

കൊച്ചി: പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സമഗ്രശിക്ഷാ എറണാകുളം ജില്ല നടപ്പിലാക്കുന്ന ക്രിയാത്മ കൗമാരം കരുത്തും കരുതലും എന്ന ത്രിദിന റസിഡൻഷ്യൽ പരിശീലന പരിപാടി ആലുവ നിവേദിത പാസ്റ്ററൽ സെന്ററിൽ ആരംഭിച്ചു. കൗമാരക്കാർക്കും രക്ഷാകർത്താക്കൾക്കും അധ്യാപകർക്കും പ്രത്യേക പരിശീലനങ്ങൾ നൽകികൊ് അവർ ഉൾക്കൊള്ളുന്ന മേഖലകളിലെ പ്രശ്നങ്ങൾ തിരിച്ചറിയുതിനും ധാരണകളെ നവീകരിക്കുതിനും സമീപനങ്ങളെ ക്രമപ്പെടുത്തുതിനും അതുവഴി കൗമാര ശക്തിയിലൂന്നിയ പുതിയ വാതിൽപ്പുറങ്ങൾ സൃഷ്ടിക്കുന്നതിനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു. സർക്കാർ ഹൈസ്ക്കൂളുകളിലെ ഒമ്പതാം ക്ലാസിലെ കുട്ടികളെ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. എസ്.എസ്.കെ ജില്ലാ പ്രോഗ്രാം കോ ഓഡിനേറ്റർ ബിനോയ് കെ ജോസഫ് ഉദ്ഘാടനം നിർവ്വഹിച്ചു. ജില്ലാ പ്രോഗ്രാം ഓഫീസർമാരായ മെർലിൻ ജോർജ്, ദീപദേവി വി.ആർ, ജോസഫ് വർഗ്ഗീസ് എം, ആലുവ ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർ ആർ.എസ് സോണിയ എന്നിവർ പ്രസംഗിച്ചു. ജില്ലയിലെ 15 ബ്ലോക്ക് റിസോഴ്സ് സെന്ററിൽ നിന്നായി 60 അധ്യാപകർ പരിശീലനത്തിൽ പങ്കെടുക്കുന്നു.

# ബ്രഹ്മപുരം തീപിടുത്തം: സുരക്ഷ സംവിധാനം ശക്തിപ്പെടുത്തും;വാച്ച് ടവർ സ്ഥാപിക്കും

**കൊച്ചി:** ബ്രഹ്മപുരത്തെ തീപ്പിടുത്തം ആവർത്തിക്കാതിരിക്കുവാൻ സുരക്ഷ സംവിധാനം കൂടുതൽ ശക്തിപ്പടുത്തുന്നതിനായി വാച്ച്ടവർ സ്ഥാപിക്കും.ബ്രഹ്മപുരം മാലിന്യപ്ലാന്റിലുണ്ടായ തീപിടുത്തത്തിന്റെ പശ്ചാത്തലത്തിൽ രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റിയുടെ യോഗത്തിലാണ് ഇത് സംബന്ധിച്ച് തീരുമാനം എടുത്തത്.ബ്രഹ്മപുരത്ത് അഗ്നിസുരക്ഷാ സംവിധാനങ്ങൾക്കെത്തിപ്പെടാവുന്ന രിതിയിൽ റോഡ് സൗകര്യം കൂടുതൽ മെച്ചപ്പെടുത്തുവാനും, പ്രദേശത്ത് എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുവാനും, കൂടുതൽ ഫയർ ഹൈഡ്രൻറുകൾ ഒരുക്കുവാനും തീരുമാനിച്ചു.ഗേറ്റ് സെക്യൂരിറ്റി വർദ്ധിപ്പിക്കും, ഫയർ വാച്ച്മാൻമാരെ നിയമിക്കുവാനും, കൂടുതൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുവാനും തീരുമാനമായി. ഇത് സംബന്ധിച്ച രൂപരേഖ അഗ്നിശമനസേന തയ്യാറാക്കി ജില്ലാകളക്ടർക്കും കോർപ്പറേഷനും സമർപ്പിക്കും. അടുത്തമാസം വീണ്ടും യോഗം ചേർന്ന് മേൽ പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് പുരോഗതി വിലയിരുത്തും. ബ്രഹ്മപുരത്ത് അഗ്നിശമന പ്രവർത്തനങ്ങളിൽ അഗ്നിരക്ഷാ സേനയെ സഹായിച്ച സിവിൽ ഡിഫൻസ് വോളൻറിയർമാർക്ക് പാരിതോഷികം നൽകുവാൻ യോഗം തീരുമാനിച്ചു. മാർച്ച് 13ന് ചേർന്ന നഗരസഭ കൗൺസിലിന്റെ പ്രത്യേകയോഗവും ഈ തീരുമാനമെടുത്തിരുന്നു. കുന്നത്ത്നാട് എം.എൽ.എ. പി.വി. ശ്രീനിജന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മേയറെ കൂടാതെ വടവ്കോട് പുത്തൻകുരിശ് പഞ്ചായത്ത് പ്രസിഡന്റ് സോണിയ മുരുകേശൻ, നഗരസഭ ഹെൽത്ത് സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ ടി.കെ. അഷറഫ്, നഗരസഭ സെക്രട്ടറി ബാബുഅബ്ദുൾ ഖാദിർ എം, ഐ.ആർ.പി.എസ്., അഗ്നിശമനാ വിഭാഗം റീജിയണർ ഫയർ ഓഫീസർ സുജിത്ത് എന്നിവർ പങ്കെടുത്തു. എതാനുമം ദിവസങ്ങൾക്കുമുമ്പായ തീപ്പിടുത്തത്തെ തുടർന്ന് മന്ത്രിമായ പി.രാജീവ്, എം.ബി. രാജേഷ് എന്നിവരുടെ നേതൃത്വത്തിൽ കളക്ട്രേറ്റിൽ ചേർന്ന ജനപ്രതിനിധികളുടെ യോഗത്തിലാണ് മോണിറ്ററിംഗ് സമിതി രൂപീകരിച്ചത്.



# കൊച്ചി കായലിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് നീഹാരയുടെ ജലദിനം ആചരണം

**കൊച്ചി:** ആഗോളജലദിനം പ്രമാണിച്ച് വേമ്പനാട്ടു കായലിൽ ചേരുന്ന പെരിയാറിന്റെ കൈവഴിയിലെ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ചും കോളേജ് വിദ്യാർത്ഥികൾക്കായി മുഴുദിന ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചും ആസ്റ്റർ മെഡ്സിറ്റിക്കു സമീപമുള്ള കോതാട് ദ്വീപിലെ റിസോർട്ടായ നീഹാര റിസോർട്ട് ആൻഡ് സ്പാ.സ്കൂബ കൊച്ചിൻ, കാലിപ്സോ അഡ്വഞ്ചേഴ്സ്, ബെൻസ് ക്രൂയ്സ്, സീക്രട്ട് റൂട്ട്സ് എന്നീ സ്ഥാപനങ്ങളുമായി ചേർന്ന് സംഘടിപ്പിച്ച പ്ലാസ്റ്റിക് മാലിന്യ ശേഖരണത്തിൽ 30 ഓളം കയാക് ബോട്ടുകൾ അണിചേർന്നു. സിനിമാതാരം റീമ കല്ലിങ്കൽ ഫ്ളാഗ് ഓഫ് ചെയ്തു. തുടർന്ന് നീഹാര റിസോർട്ടിൽ കൊച്ചി മെട്രോ, സെന്റ് തെരേസാസ് കോളേജ്, ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ, ഡിടിപിസി എന്നിവയുടെ സഹകരണത്തോടെ സംഘടിപ്പിച്ച മുഴുദിന ബോധവൽക്കരണ പരിപാടി കടമക്കുടി പഞ്ചായത്ത് പ്രസിഡന്റ് മേരി വിൻസെന്റ് ഉദ്ഘാടനം ചെയ്തു. സെന്റ് തെരേസാസ് കോളേജ്, കുസാറ്റ്, മാല്യങ്കര എസ്എൻഎം കോളേജ് എന്നിവിടങ്ങളിൽ നിന്നുള്ള വോളണ്ടിയർമാർ പങ്കെടുത്തു. പരിസ്ഥിതി വിദഗ്ധരായ ഡോ. ജിജി ജോസഫ്, ഡോ. ശ്രീകാന്ത്, ഡോ. അനില അലക്സ്, ഡോ. ജിബി കുര്യാക്കോസ് എന്നിവർ ക്ലാസുകളെടുത്തു. പരിസ്ഥിതി സൗഹാർദ ഫോട്ടോഗ്രാഫുകളുടേയും ചിത്രങ്ങളുടേയും പ്രദർശനവും സംഘടിപ്പിച്ചിരുന്നു. കടമക്കുടി പഞ്ചായത്ത് വൈസ് പ്രസിഡന്റ് വിപിൻ രാജ്, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറി ശ്യാം കൃഷ്ണൻ എന്നിവർ ഉൽഘാടനവും അഡ്വഞ്ചർ ടൂറിസം വിദഗ്ധൻ വിശാൽ കോശി എന്നിവർ പ്രസംഗിച്ചു. ജലദിനപരിപാടികളുടെ തുടർച്ചയായി കണ്ടൽച്ചെടി പ്ലാന്റിംഗ്, പരിസ്ഥിതി സൗഹാർദ അക്വാടൂറിസം, വാട്ടർസ്പോർട്സ്, പക്ഷികളുടെ ഫോട്ടോഗ്രഫി തുടങ്ങിയ പരിപാടികളും സംഘടിപ്പിക്കുമെന്ന് നീഹാര റിസോർട്സ് ആൻഡ് സ്പാ എംഡി തോമസ് വർഗീസ് പറഞ്ഞു.



# എറണാകുളം ശ്രീമാരിയമ്മൻ കോവിലിൽ പ്രതിഷ്ഠാദിനവും അമ്മൻകൊട മഹോൽസവവും

**കൊച്ചി:** എറണാകുളം നോർത്ത് ശ്രീമാരിയമ്മൻ കോവിലിലെ പ്രതിഷ്ഠാദിനം ഈ മാസം 26നും അമ്മൻകൊട മഹോൽസവം 31 മുതൽ ഏപ്രിൽ അഞ്ചുവരെയും നടക്കുമെന്ന് ക്ഷേത്രം സെക്രട്ടറി എം.ബി ശിവരാജൻ അറിയിച്ചു. പ്രതിഷ്ഠാദിനത്തിൽ ബ്രഹ്മശ്രീ പുലിയന്നൂർ പ്രശാന്ത് നാരായണൻ നമ്പൂതിരിപ്പാടിന്റെ മുഖ്യ കാർമ്മികത്വത്തിൽ രാവിലെ ഏഴു മുതൽ നവകം,പഞ്ചഗവ്യം കുങ്കുമാഭിഷേകം,പൂമൂടൽ.വലിയ ഗുരുതി എന്നീ ചടങ്ങുകൾ നടക്കും. ഉച്ചയ്ക്ക് 12 മുതൽ അന്നദാനം ഉണ്ടായിരിക്കും. 31 ന് അമ്മൻകൊടമഹോൽസവത്തിന് തുടക്കം കുറിച്ചുകൊണ്ട് രാത്രി ഏഴിന് കൊടിയേറ്റ് നടക്കും. തുടർന്ന് എട്ടിന് കരകം നിറ. ഏപ്രിൽ ഒന്നിന് രാവിലെ ഒമ്പതു മുതൽ ഊരുചുറ്റൽ പറയെടുപ്പ്. രണ്ടിന് വൈകിട്ട് 7.30ന് താലം വരവ് തുടർന്ന് അഗ്നികരകം. മൂന്നിന് രാത്രി 7.30ന് അഗ്നികരകം, നാലിന് രാത്രി ഒമ്പതിന് അഗ്നികരകം തുടർന്ന് അഗ്നിപ്രവേശനം. അഞ്ചിന് രാവിലെ 9.30ന് മഞ്ഞൾ നീരാട്ട്,ഉച്ചയ്ക്ക് 12ന് അന്നദാനം തുടർന്ന് നടയടപ്പ്. ഏപ്രിൽ 11 ന് രാവിലെ നടതുറപ്പ് തുടർന്ന് പൊങ്കാല,ഗുരുതി എന്നീ ചടങ്ങുകൾ നടക്കും.

# ഉപഭോക്താക്കൾക്കായി ആദ്യ സെൽഫ് കെവൈസി അവതരിപ്പിച്ച് 'വി'

**കൊച്ചി:** പുതിയ മൊബൈൽ കണക്ഷൻ ലഭിക്കുന്നത് ലളിതവും വേഗതയേറിയതും സുരക്ഷിതവും കൂടുതൽ സൗകര്യപ്രദവുമാക്കി വി ഈ മേഖലയിലെ ആദ്യ സെൽഫ് കെവൈസി പ്രക്രിയ അവതരിപ്പിച്ചു. ഇപ്പോൾ പുതിയ പ്രീപെയ്ഡ്, പോസ്റ്റ് പെയ്ഡ്സിം എടുക്കാനായി റീട്ടെയിൽ സ്റ്റോർ സന്ദർശിക്കുകയോ ഫിസികൽ കെവൈസി പ്രക്രിയ പൂർത്തിയാക്കുകയോ വേണ്ടെന്ന് വോഡഫോൺ ഐഡിയ സിഒഒ അഭിജിത് കിഷോർ പറഞ്ഞു.വിയുടെ സെൽഫ് കെവൈസി സംവിധാനം ടെലികോം വകുപ്പിൻറെ നിർദ്ദേശിത മാനദണ്ഡങ്ങൾക്ക് അനുസരിച്ചും ഉപഭോക്താക്കൾക്ക് എവിടെ നിന്നും ഏതു സമയത്തും പുതിയ കണക്ഷൻ എടുക്കാൻ സഹായിക്കുന്നതുമാണ്. കൽക്കത്ത, കർണാടക എന്നിവിടങ്ങളിൽ എല്ലാ പോസ്റ്റ്പെയ്ഡ് ഉപഭോക്താക്കളും വേണ്ടി വി സെൽഫ് കെവൈസി അവതരിപ്പിച്ചു. ഈ സേവനം രാജ്യ വ്യാപകമായി പോസ്റ്റ് പെയ്ഡ്, പ്രീ പെയ്ഡ് ഉപഭോക്താക്കൾക്ക് ഉടൻ ലഭ്യമാക്കും. വീട്ടിൽ നിന്ന് സൗകര്യപ്രദമായി ഉപയോക്താക്കൾക്ക് വി സെൽഫ് കെവൈസി വഴി പുതിയ സിം ഓൺലൈൻ ആയി ഓർഡർ ചെയ്യാം. ഉപഭോക്താക്കൾക്ക് ആഗ്രഹമുള്ള പ്ലാനുകൾ തെരഞ്ഞെടുക്കാനും സിം വീട്ടിൽ ലഭിക്കാനായി സെൽഫ് കെവൈസി ചെയ്യുവാനും ഇതിലൂടെ സാധിക്കും. ഈ സമ്പൂർണ ഡിജിറ്റൽ വെരിഫിക്കേഷൻ സംവിധാനം ലളിതവും സൗകര്യപ്രദവും വേഗത്തിലുള്ളതും സുരക്ഷിതവുമാണ്.ഉപഭോക്താക്കളുടെ ജീവിതം കൂടുതൽ ലളിതവും മികച്ചതും ആക്കാനുള്ള നീക്കങ്ങളുടെ ഭാഗമാണിത്. കോൽക്കത്തയിലും കർണാടകയിലും പോസ്റ്റ് പെയ്ഡ് ഉപഭോക്താക്കൾക്കായി അവതരിപ്പിച്ച വി സെൽഫ് കെവൈസി സംവിധാനം തങ്ങളുടെ ഉപഭോക്താക്കൾക്കായി എല്ലാ വിപണികളിലും ലഭ്യമാക്കുമെന്നും അതിലൂടെ ഏറ്റവും മികച്ച മൂല്യമുള്ള പ്രീപെയ്ഡ് പോസ്റ്റ് പെയ്ഡ് പദ്ധതികൾ ആസ്വദിക്കാൻ അവസരമൊരുക്കുമെന്നും സിഒഒ അഭിജിത് കിഷോർ പറഞ്ഞു.കൂടുതൽ വിവരങ്ങൾക്ക് https://www.myvi.in/new-connection/self-kyc-buy-new-4g-sim-card-online സന്ദർശിക്കുക

# വാണിജ്യ വാഹനങ്ങളുടെ വില വർദ്ധന പ്രഖ്യാപിച്ച് ടാറ്റ മോട്ടോഴ്സ്

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ വാണിജ്യ വാഹന നിർമ്മാതാക്കളായ ടാറ്റ മോട്ടോഴ്സ് 2023 ഏപ്രിൽ 1 മുതൽ വാണിജ്യ വാഹനങ്ങൾക്ക് 5% വരെ വില വർദ്ധന നടപ്പാക്കുന്നു. കൂടുതൽ കർക്കശമായ ബിഎസ്6 ഘട്ടം കക എമിഷൻ മാനദണ്ഡങ്ങൾ പാലിക്കാനുള്ള ശ്രമങ്ങളുടെ ഫലമായാണ് വില വർധനവ്. ഈ മാനദണ്ഡങ്ങൾ പാലിക്കുന്നതിനായി ടാറ്റ മോട്ടോഴ്സ് അതിന്റെ മുഴുവൻ വാഹന പോർട്ട്ഫോളിയോയും മാറ്റുന്നതിനാൽ ഉയർന്ന ആനുകൂല്യങ്ങളും കുറഞ്ഞ ഉടമസ്ഥാവകാശ ചെലവും ഉപഭോക്താക്കൾക്കും ഫ് ലീറ്റ് ഉടമകൾക്കും നൽകുന്ന ശുദ്ധവും ഹരിതവും സാങ്കേതികമായി മികച്ചതുമായ നിരവധി ഓഫറുകൾ പ്രതീക്ഷിക്കാം. വില വർദ്ധന വാണിജ്യ വാഹനങ്ങളുടെ മുഴുവൻ ശ്രേണിയിലും ഒരുപോലെ ബാധകമാകമാണെങ്കിലും അതാത് മോഡലും വേരിയന്റും അനുസരിച്ച് കൃത്യമായ തുക വ്യത്യാസപ്പെട്ടിരിക്കും.

# ഡൽഹി യൂണിവേഴ്സിറ്റി വിദ്യാർഥികൾക്ക് ഫെലോഷിപ്പ് പ്രഖ്യാപിച്ച് ആശ്രയ ഫൗണ്ടേഷൻ

**കൊച്ചി:** സെന്റർ ഫോർ ഇന്നൊവേഷൻ ആന്റ് സോഷ്യൽ എന്റർപ്രണർഷിപ്പിന്റെയും ഝാ ഗ്രൂപ്പിന്റേയും സഹകരണത്തോടെ ഡൽഹി യൂണിവേഴ്സിറ്റിയിലെ 100 വിദ്യാർഥികൾക്ക് ശാന്തി ഝാ ജൂനിയർ ഫെലോഷിപ്പ് പ്രഖ്യാപിച്ച് ആശ്രയ ഫൗണ്ടേഷൻ. ആശ്രയയുടെ ചെയർമാൻ സതീഷ് ഝായാണ് ഫെലോഷിപ്പ് പ്രഖ്യാപിച്ചത്. 50 പെൺകുട്ടികൾക്കും 50 ആൺകുട്ടികൾക്കുമാണ് ഫെലോഷിപ്പ് നൽകുക. സാമൂഹികമായ മാറ്റങ്ങൾക്ക് ഉതകുന്ന തരത്തിലുള്ള വ്യത്യസ്തമായ ആശയങ്ങൾ സ്വീകരിച്ച് നൂതന സംരംഭങ്ങൾക്ക് തുടക്കം കുറിക്കുന്നതിനും തൊഴിൽ പരിചയം നേടുന്നതിനുമാണ് ഫെലോഷിപ്പ്. മാനദണ്ഡങ്ങൾക്കനുസൃതമായി പ്രത്യേക ജൂറിയായിരിക്കും സ്കോളർഷിപ്പിന് അർഹരായവരെ തെരഞ്ഞെടുക്കുക. ഒരു വർഷത്തേക്ക് പരമാവധി ഒരു ലക്ഷം രൂപയായിരിക്കും ഓണറേറിയം. സാമൂഹികമായ മാറ്റങ്ങൾ സൃഷ്ടിക്കുന്ന തരത്തിലുള്ള സർഗാത്മകമായ പുതിയ ആശയങ്ങൾ രൂപീകരിക്കുകയും അതിനുവേണ്ടി സുസ്ഥിര തന്ത്രങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ 2020 മാർച്ചിൽ കിരോരിമാൽ കോളേജിലാണ് സെന്റർ ഫോർ ഇന്നൊവേഷൻ ആന്റ് സോഷ്യൽ എന്റർപ്രണർഷിപ്പ് ആരംഭിക്കുന്നത്. ഒരു വർഷം പത്ത് ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതാണ് ഇതിലൂടെ തങ്ങൾ ലക്ഷ്യമിടുന്നതെന്ന് സതീഷ് ഝാ പറഞ്ഞു. സതീഷ് ഝാക്ക് പുറമേ ഫെലോഷിപ്പ് പ്രഖ്യാപന ചടങ്ങിൽ സിഐഎസ്ഇ ഫൗണ്ടർ ആന്റ് കൺവീനർ പ്രൊ.രൂപീന്ദർ ഒബ്റോയ്, കെഎംസി ഡൽഹി യൂണിവേഴ്സിറ്റി പ്രിൻസിപ്പൽ പ്രൊ.ദിനേശ് ഖട്ടാർ തുടങ്ങിയവരും പങ്കെടുത്തു.



# ആക്സിസ് എസ് ആന്റ് പി 500 ഇടിഎഫ് ഫണ്ട് ഓഫ് ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** എസ് ആന്റ് പി 500 ടിആർഐ പ്രതിഫലിപ്പിക്കുന്ന ഇടിഎഫുകളിൽ നിക്ഷേപിക്കുന്ന ഓപൺ എൻഡഡ് ഫണ്ട് ഓഫ് ഫണ്ട് പദ്ധതിയായ ആക്സിസ് എസ് ആന്റ് പി ഇടിഎഫ് ഫണ്ട് ഓഫ് ഫണ്ട് അവതരിപ്പിച്ചു. പുതിയ ഫണ്ട് ഓഫർ ഏപ്രിൽ അഞ്ചിന് അവസാനിക്കും. കുറഞ്ഞത് 500 രൂപയും തുടർന്ന് ഓരോ രൂപയുടെ ഗുണിതങ്ങളും നിക്ഷേപിക്കാം. പദ്ധതിയുടെ നിക്ഷേപങ്ങളിൽ 95 ശതമാനവും എസ് ആന്റ് പി 500 ടിആർഐ പ്രതിഫലിപ്പിക്കുന്ന ആഗോള ഇടിഎഫുകളിലാവും നിക്ഷേപിക്കുകയെന്ന് ആക്സിസ് എഎംസി എംഡിയും സിഇഒയുമായ ചന്ദ്രേഷ് നിഗം പറഞ്ഞു.

പുതിയ നിക്ഷേപകർക്കും നിലവിലുള്ള നിക്ഷേപകർക്കും പ്രയോജനപ്പെടുത്താവുന്ന പദ്ധതിയായി ഇതിനെ കണക്കാക്കാം. വൈവിധ്യവൽക്കരണത്തിനും ഇതു സഹായകമാകും. അമേരിക്കൻ ഓഹരി വിപണിയിൽ ലിസ്റ്റു ചെയ്തിട്ടുള്ള 500 വൻകിട കമ്പനികളുടെ പ്രകടനം പിന്തുടരുന്നതിൻറെ ഗുണവും ഇതിലൂടെ ലഭിക്കും. ആക്സിസ് എസ് ആന്റ് പി 500 ഇടിഎഫ് നിഷ്ക്രിയ തന്ത്രങ്ങളിലൂടെ ആഗോള എക്സ്പോഷർ പരിധികളില്ലാതെ ലഭ്യമാക്കുന്നു. പുതിയ സ്കീമിൻറെ സമീപനം 'ഉത്തരവാദിത്തപരമായ നിക്ഷേപം' എന്ന തങ്ങളുടെ നിലപാടുകളുമായി യോജിപ്പിക്കുന്നു, തങ്ങളുടെ ഉൽപ്പന്നങ്ങളുടെ പോർട്ട്ഫോളിയോയിൽ ഇത് ഒരു മികച്ച കൂട്ടിച്ചേർക്കലായിരിക്കുമെന്നും സിഇഒയുമായ ചന്ദ്രേഷ് നിഗം പറഞ്ഞു.

# 'വിദ്യാർത്ഥികളേ ഇതിലേ, ഇതിലേ', 'ഹിഗ്വിറ്റ' ബിനാലെയിൽ

**കൊച്ചി:** ജോൺ എബ്രാഹം സംവിധാനം ചെയ്ത ആദ്യ സിനിമ 'വിദ്യാർത്ഥികളേ ഇതിലേ, ഇതിലേ' നാളെ ബിനാലെയിൽ പ്രദർശിപ്പിക്കും. ഫോർട്ട്കൊച്ചി കബ്രാൾയാർഡ് പവിലിയനിൽ വൈകിട്ട് 7.30നാണ് പ്രദർശനം. വിശ്രുത ചലച്ചിത്ര പ്രതിഭയോടുള്ള പ്രണാമമായാണ് സിനിമ അവതരണം.ലൂയിസ് ഡാകിന്റെ 'നോസ് ലെസ് ഗോസ്സസ്' എന്ന ഫ്രഞ്ച് സിനിമയെ അവലംബമാക്കി 1972ൽ ഒരുക്കിയ ' വിദ്യാർത്ഥികളേ ഇതിലേ, ഇതിലേ' കേരളത്തിലെ വികലമായ വിദ്യാഭ്യാസ നയത്തിനെതിരെ ഉയർന്ന വിമർശനമായി വിലയിരുത്തപ്പെട്ടു.സിനിമയ്ക്ക് മുന്നോടിയായി വൈകുന്നേരം ആറിന', ആശിഷ് രാജാധ്യക്ഷയും ഗൗതം ദാസും ചേർന്ന് രചിച്ച 'ജോൺ ഘട്ടക്ക് തർക്കോവ്സ്കി സിറ്റിസൺസ്,ഫിലിം മേക്കേഴ്സ്, ഹാക്കേഴ്സ' എന്ന പുസ്തകത്തിന്റെ മലയാളം തർജ്ജമ പ്രകാശനം ചെയ്യും. തുടർന്ന് നടക്കുന്ന പാനൽ ചർച്ചയിൽ അജയൻ അടാട്ട്, നാച്ചി, പി എം ആരതി എന്നിവർ പങ്കെടുക്കും. രതീഷ് രാധാകൃഷ്ണൻ മോഡറേറ്ററാകും. ബിനാലെ ആർട്ട്റൂമിൽ നാളെ രാവിലെ പത്തുമുതൽ നടക്കുന്ന ടെറാക്കോട്ട, മ്യൂറൽ ശിൽപശാലയ്ക്ക് ആർട്ടിസ്റ്റും ആർക്കിടെക്റ്റുമായ വിഷ്ണു തൊഴൂർ കൊല്ലേരി നേതൃത്വം നൽകും.മാർച്ച് 25നു വൈകുന്നേരം ആറിന് കബ്രാൾയാർഡ് പവിലിയനിൽ 'വിദ്യാർത്ഥികളേ ഇതിലേ, ഇതിലേ' വിഷയമായി നടക്കുന്ന പാനൽ ചർച്ചയിൽ ചലച്ചിത്ര നിരൂപകരായ സി എസ് വെങ്കിടേശ്വരൻ, കൃഷ്ണേന്ദു കലേഷ്, കൃഷാന്ത് എന്നിവർ പങ്കെടുക്കും. ഏഴിന് കെ എം കമൽ സംവിധാനം ചെയ്ത സിനിമ 'ആലിഫ്' പ്രദർശനം. തുടർന്ന് 'ആദ്യ സിനിമകൾ ഡിജിറ്റൽ കാലത്ത' പാനൽ ചർച്ചയിൽ കെ എം കമലും രതീഷ് രാധാകൃഷ്ണനും സംസാരിക്കും. 26നു വൈകുന്നേരം ആറിനു അശോക് അഹൂജയുടെ സിനിമ 'ആധാരശില'യുടെ പ്രദർശനവും പാനൽ ചർച്ചയും നടക്കും. എൻ എസ് മാധവന്റെ പ്രശസ്ത ചെറുകഥ 'ഹിഗ്വിറ്റ' ആധാരമാക്കി അതേ പേരിൽ ശശിധരൻ നടുവിൽ സംവിധാനം ചെയ്ത നാടകം ലോക നാടകദിനമായ ഈ മാസം 27നു വൈകിട്ട് 7.30നു കബ്രാൾയാർഡ് പവിലിയനിൽ അരങ്ങേറും. റിമംബറൻസ് തീയേറ്റർ ഗ്രൂപ്പ് അവതരിപ്പിക്കുന്ന 'ഹിഗ്വിറ്റ' നാടകത്തിന്റെ ടിക്കറ്റുകൾ https://in.bookmyshow.com/events/kochi-muziris-biennale-2022-23/ET00346370 എന്ന ലിങ്കിൽ ബുക്ക് മൈ ഷോ ആപ്പിലും ലഭിക്കും.

# ഇസുസു പ്രീ സമ്മർ ക്യാമ്പ് 29 വരെ



കൊച്ചി: ഇസുസു ഡിമാക്സ് പിക്ക് അപ്പുകൾക്കും എസ് യുവികൾക്കുമായി ഇന്ത്യയിലുടനീളം ഇസുസു ഐകെയറിന്റെ പ്രീ സമ്മർ ക്യാമ്പ്. എല്ലാ ഇസുസു അംഗീകൃത ഡീലർ സർവീസ് ഔട്ട്ലെറ്റുകളിലും മാർച്ച് 22 മുതൽ 29 വരെയുള്ള ദിവസങ്ങളിലാണ് ക്യാമ്പ് നടത്തുക. ഇതുവഴി ഉപഭോക്താക്കൾക്ക് മികച്ച സർവീസ് ആനുകൂല്യങ്ങൾ ലഭിക്കും. ഉപഭോക്താക്കൾക്ക് അവരുടെ വാഹനങ്ങൾക്ക് പ്രത്യേക ഓഫറുകളും ആനുകൂല്യങ്ങളും ലഭിക്കും. കേരളത്തിൽ കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലുൾപ്പെടെ രാജ്യത്തെ 40ഓളം ഔട്ട്ലെറ്റുകളിലും പ്രീ സമ്മർ ക്യാമ്പ് സംഘടിപ്പിക്കും. പണിക്കൂലിയിൽ 10 ശതമാനം കിഴിവ്, പാർട്സുകൾക്ക് അഞ്ച് ശതമാനം കിഴിവ്, ലൂബ്സുകൾക്കും ഫ്ളൂയിഡുകൾക്കും അഞ്ച് ശതമാനം കിഴിവ്, റീട്ടെയിൽ ആർഎസ്എ പർച്ചേഴ്സിന് പത്ത് ശതമാനം കിഴിവ് തുടങ്ങി നിരവധി ആനുകൂല്യങ്ങളാണ് ക്യാമ്പിലൂടെ ഉപഭോക്താക്കൾക്ക് ലഭിക്കുക.

# ഹീറോ മോട്ടോർ കോർപ്പ് കേരളത്തിൽ സ്കിൽ ട്രെയിനിംഗ് സെന്റർ തുറന്നു

**കൊച്ചി :** ഇരുചക്ര വാഹന നിർമ്മാതാക്കളായ ഹീറോ മോട്ടോർ കോർപ്പ് കേരളത്തിലെ ആദ്യ സ്കിൽ ട്രെയിനിംഗ് സെന്റർ തുറന്നു. കേരളത്തിലെ പ്രമുഖ വാഹന വിതരണക്കാരായ കുറ്റൂക്കാരൻ ഗ്രൂപ്പിന്റെ വിദ്യാഭ്യാസ സ്ഥാപനമായ മനക്കപ്പടിയിലെ കുറ്റൂക്കാരൻ പോളിടെക്നിക്ക് കോളേജിലാണ് ഹീറോ മോട്ടോഴ്സ് സ്കിൽ ട്രെയിനിംഗ് സെന്റർ തുറന്നത്. മെട്രോ റെയിൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബഹ്റ സ്കിൽ സെന്ററിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. തൊഴിൽ നൈപുണ്യം നേടുന്നവർക്ക് കൊച്ചി മെട്രോ റെയിൽ ഇന്റേൺഷിപ്പിന് അവസരം നൽകുന്നുണ്ടെന്ന് ലോക് നാഥ് ബഹ്റ പറഞ്ഞു. കുറ്റൂക്കാരനിലെ രണ്ട് വർഷ കെ.ജി.സി.ഇ, മൂന്ന് വർഷ ഓട്ടോമൊബൈൽ പോളിടെക്നിക്ക് കോഴ്സ് പഠിക്കുന്ന കുട്ടികൾക്ക് പഠനത്തോടൊപ്പം ഹീറോ സ്കിൽ ട്രെയിനിംഗ് ലഭിക്കുമന്നും ഇപ്രകാരം പഠനം പൂർത്തിയാക്കുന്ന കുട്ടികൾക്ക് എൻ.സി.വി.ടി അംഗീകാരമുള്ള കുറ്റൂക്കാരൻ ഇൻസ്റ്റിറ്റിയൂഷൻസ്,ഹീറോ മോട്ടോർകോർപ്പ്,ഓട്ടോമോട്ടീവ് സ്കിൽസ് ഡെവലപ്മെന്റ് കൗൺസിൽ(എ.എസ്.ഡി.സി) എന്നിവർ ചേർന്ന് നൽകുന്നസർട്ടിഫിക്കറ്റാവും ലഭിക്കുകയെന്ന് ചടങ്ങിൽ സംസാരിച്ച ഹീറോ മോട്ടോകോർപ്സ്(സർവ്വീസ്)ഡി.ജി.എം ദേബ്കുമാർ ദാസ് ഗുപ്ത വ്യക്തമാക്കി. ഇന്ത്യക്ക് പുറമേ 50 രാജ്യങ്ങളിൽക്കൂടി ഹീറോ മോട്ടോർ കോർപ്പ് പ്രവർത്തിക്കുന്നുണ്ട്. ഇവിടെ നിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് ഇന്ത്യയ്ക്ക് പുറമേ ഈ രാജ്യങ്ങളിൽക്കൂടി തൊഴിൽ അവസരം ലഭ്യമാകുമെന്നും അദ്ദേഹം പഞ്ഞു. ഹീറോ മോട്ടോർ കോർപ്സ് സോണൽ സർവ്വീസ് മാനേജർ ടി.പി ഷാജി,സർവ്വീസ് ജനറൽ മാനേജർ രാഗേഷ് നാഗ്പാൽ,ഓട്ടോമോട്ടീവ് സ്കിൽസ് ഡെവലപ്മെന്റ് കൗൺസിൽ സി.ഇ.ഒ അരിന്ദം ലഹിരി എന്നിവർ ഓൺലൈനായും ചടങ്ങിൽ പങ്കെടുത്തു സംസാരിച്ചു.



**ഇരുചക്ര വാഹന നിർമ്മാതാക്കളായ ഹീറോ മോട്ടോർ കോർപ്പിന്റെ കേരളത്തിലെ ആദ്യ സ്കിൽ ട്രെയിനിംഗ് സെന്റർ കുറ്റൂക്കാരൻ പോളിടെക്നിക്ക് കോളേജിൽ മെട്രോ റെയിൽ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബഹ്റ ഉദ്ഘാടനം നിർവ്വഹിക്കുന്നു.ഹീറോ മോട്ടോർ കോർപ്പ് ഡി.ജി.എം ദേബ്കുമാർ ദാസ് ഗുപ്ത ,ജോൺ വർഗ്ഗീസ്,എ.എസ്.ഡി.സി ദക്ഷിണ മേഖല മേധാവി ജി.രമേഷ്,ഡോ. ബി.പ്രസന്ന സിംഗ്,രാമചന്ദ്രൻ നായർ,ജിൽജ രാജേഷ്,എം.എൻ രാജു,കെ.എം.ലൈജു തുടങ്ങിയവർ സമീപം**

പോപ്പുലർ വെഹിക്കിൾസ് ആന്റ് സർവ്വീസ് സി.എഫ്.ഒ ജോൺ വർഗ്ഗീസ്,ഓട്ടോമോട്ടീവ് സ്കിൽസ് ഡെവലപ്മെന്റ് കൗൺസിൽ ദക്ഷിണ മേഖല മേധാവി ജി.രമേഷ്, ഹീറോ മോട്ടോകോർപ്പ് ഏരിയ മാനേജർ ടി.കിരൺകുമാർ,ഏരിയ സർവ്വീസ് മാനേജർ സൗരഭ് ശർമ്മ,ഏരിയ ലേണിംഗ് മാനേജർ ബി.ടി സന്തോഷ് കുമാർ,കുറ്റൂക്കാരൻ എജ്യുക്കേഷണൽ ഇൻസ്റ്റിറ്റിയൂഷൻസ് ഡയറക്ടർ ഡോ. ബി.പ്രസന്ന സിംഗ്,പ്രൊജക്ട് കോഓർഡിനേറ്റർ സ്റ്റെഫിൻ ജോൺ കരുമാലൂർ ഗ്രാമപ്പഞ്ചായത്ത് മെമ്പർ കെ.എം. ലൈജു,പി.ടി.എ പ്രസിഡന്റ് സിറാജ് ബാബു തുടങ്ങിയവർ സംസാരിച്ചു. കഴിഞ്ഞ ആഗസ്റ്റിൽ കൂറ്റൂക്കാരൻ പോളിടെക്നിക് കോളേജിൽ ഇൻഡസ്ട്രി ഇൻസ്റ്റിറ്റിയൂട്ട് ഇന്ററാക്ഷൻ സെല്ലിന്റെ ഉദ്ഘാടനം മാരുതി സുസുക്കി ഇന്ത്യാ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറും സി.ഇ.ഒയുമായ ഹിസാഷി തക്കോച്ചിയാണ് നിർവഹിച്ചത്.

## സിഎംഎഫ്ആർഐയിൽ യംഗ് പ്രൊഫഷണൽ ഒഴിവ്

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) കരാർ അടിസ്ഥാനത്തിൽ യംഗ് പ്രൊഫഷണലിന്റെ ഒരു ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു.പ്രതിമാസ വേതനം 35000 രൂപ.സുവോളജി, ബയോടെക്നോളജി, ഫിഷറീസ് സയൻസ്, മറൈൻ ബയോളജി എന്നിവയിലേതിലെങ്കിലും കുറഞ്ഞത് 60 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദവും ഗവേഷണ പരിചയവുമാണ് അടിസ്ഥാന യോഗ്യത. അക്വാട്ടിക് പോപുലേഷൻ ജെനറ്റിക്സ്, മോളിക്യുലാർ ടാക്സോണമിക് അപ്രോച്, ഫൈലോജിനോമിക്സ്, ട്രാൻസ്ക്രിപ്റ്റോമിക്സ് എന്നീ മേഖലകളിൽ ഗവേഷണ പരിചയം വേണം. യോഗ്യരായവർ ബയോഡാറ്റയും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്കാൻ ചെയ്ത കോപ്പിയും സഹിതം ായറേരാള്യശ@ഴാമശഹ.രീാ എന്ന ഇമെയിലിൽ ഏപ്രിൽ ആറിന് മുമ്പായി അയക്കണം. കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക. (www.cmfri.org.in).




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663


# കടുത്ത വേനൽ ചൂടിന് കുളിരേകാൻ തണ്ണീർ പന്തൽ ഒരുക്കി ഇസാഫ് ബാങ്ക്



**മണ്ണുത്തി:** ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിന്റെ സാമൂഹിക പ്രതിബദ്ധത പദ്ധതിയുടെ ഭാഗമായി കൊടും ചൂടിൽ വഴിയാത്രക്കാർക്ക് ആശ്വാസമേകാൻ തണ്ണീർ പന്തൽ ഒരുക്കി. ലോക ജല ദിനത്തോടനുബന്ധിച്ച് നടക്കുന്ന ജല സംരക്ഷണ ക്യാമ്പയിന്റെ ഭാഗമായി മണ്ണുത്തി ഇസാഫ് ഭവന്റെ മുൻവശത്ത് ദേശിയ പാതയോട് ചേർന്നാണ് പന്തൽ ഒരുക്കിയിരിക്കുന്നത്. ഒല്ലൂർ എസിപി പി. എസ്. സുരേഷ് തണ്ണീർ പന്തൽ ഉദ്ഘാടനം ചെയ്തു. ഇസാഫ് ബാങ്ക് എംഡിയും സിഇഒയുമായ കെ. പോൾ തോമസ്, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ജോർജ് തോമസ്, മണ്ണുത്തി ജനകീയ കൂട്ടായ്മ ചെയർമാൻ ഭാസ്കരൻ കെ. മാധവൻ, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡണ്ട് ബാബു സി. എ., സെക്രട്ടറി ഷിഹാബ് കെ. എ. എന്നിവർ സംസാരിച്ചു. രാവിലെ 9 മുതൽ വൈകിട്ട് 6 മണിവരെ പ്രവർത്തിക്കുന്ന തണ്ണീർ പന്തലിൽ കുടിവെള്ളവും സംഭാരവുമാണ് പൊതുജനങ്ങൾക്കായി ഇസാഫ് ഒരുക്കിയിരിക്കുന്നത്. ലോക ജല ദിനത്തിന്റെ ഭാഗമായി ഇസാഫ് ബാങ്ക് എംഡിയും സിഇഒയുമായ കെ. പോൾ തോമസ് ബാങ്ക് ജീവനക്കാർക്കായി പ്രതിജ്ഞയും സന്ദേശവും നൽകി.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-35122883501, Kerala.E-mail-societytodaynews@gmail.com